Kṛṣippāṭṭa

1871

Ci
XIV
290

Kps. 6

N12<526553343 021
LS
ubTÜBINGEN

# കൃഷിപ്പാട്ട

ഇത.

മഹാ-രാ-രാ

ച.-അരുണാചല മുതലിയാരവർകളുടെ മകൻ

കാളഹസ്തിയപ്പമുതലിയാരവർകളുടെ

വിദ്യാവിലാസ

അച്ചുക്കൂട്ടത്തിൽ അച്ചടിച്ചത.

൨ാംപതിപ്പ.

കൊഴിക്കൊട-൧൮൭൯ നവമ്പർ൧൦ ൹

പ്രിൻടർ-യശായാ.

വിലഉറുപ്പിക-കാൽ

Krsipāṭa

# കൃഷിപ്പാട്ട

ഇത.

മഹാ-രാ-രാ

ച.-അരുണാചല മുതലിയാരവർകളുടെ മകൻ

കാളഹസ്തിയപ്പമുതലിയാരവർകളുടെ

വിദ്യാവിലാസ

അച്ചുക്കൂട്ടത്തിൽഅച്ചടിച്ചത

൨ാംപതിപ്പ.

Kolikkota
1871

കൊഴിക്കൊട-൧൮൭൧ നവമ്പർ൧൦ ൹

പ്രിൻടർ-യശായാ.

വില ഉറുപ്പിക-കാൽ

UNIV BIBL TÜBINGEN

bi XIV 290. kps.6

# കൃഷിപ്പാട്ട

ഹരിഃ ശ്രീഗണപതയെനമഃ അവിഘ്നമസ്തു

രാമരാമജയജയഭാൎഗ്ഗവ രാമരാമജമദഗ്നിനന്ദന രാമ രാമപരശുധരവീര രാമരാമഭൃഗുകുലപുംഗവ രെണുകാത്മജ ദെവദയാനിധെസ്ഥാണുശിഷ്യപ്രവരജയജയ കാൎത്തവീൎയ്യ മൃതിപ്രദഭദ്രപ്രദകീൎത്തിമൂൎത്തെഭഗവൻജയജയഭദ്രദാനെനൈവ ത്തുപൂരായിടിനഭൂദെവന്മാരിതിസ്തുതിചെയ്തിട്ടു ഗൊകൎണ്ണാഖ്യമ ഹാക്ഷെത്രത്തിങ്കന്ന ശൊകംതീൎത്തഭിവന്ദിച്ചുവിപ്രരും രാമ നെത്തന്നെപിന്നെയുംപിന്നെയും ഭൂമിയിൽതന്നെവീണുവ ണങ്ങിനാർ. പരമാനന്ദമായസമാധിയിലിരുന്നീടുന്നരാമന്തി രുവടി തെജൊരൂപമാംനാദവിന്ദുക്കളിൽ യൊജിപ്പിച്ചൊരു മാനസംമെല്ലവെ പെൎത്തുകിഴെട്ടിറക്കീട്ടുനൊക്കുമ്പൊൾ ആ ൎത്തിപൂണ്ടൊരുവിപ്രരെക്കാണായി കെണുനൊക്കുന്നഭൂദെവ ന്മാരൊടുരെണുകാത്മജൻതാനുമരുൾചെയ്തു: ജപഹൊമാദികൎമ്മ ങ്ങളൊക്കവെ കൃപയൊടെകഴിക്കുന്നതില്ലെയൊസമ്പ്രതിസു ഖമല്ലയൊനിങ്ങളും മാംപ്രതിവന്നതെത്രയുമത്ഭുതം നിങ്ങളെ ക്കുറിച്ചുള്ളൊരുവാത്സല്യമിങ്ങുചെറ്റുമിളക്കം. പരാൎദ്ധം. പര ശുരാമന്തന്റെനിയൊഗംകെട്ടുരചെയ്തിതുഭൂസുരെന്ദ്രന്മാരും. വീരരായുള്ളക്ഷത്രിയരെക്കൊന്ന വീരഹത്യാപരിഹാരമായി ട്ടുവാരിധിനീക്കിഭൂമിയുണ്ടാക്കിട്ടു ബ്രാഹ്മണൎക്കുകൊടുത്തതുമത്ഭു തം സ്വൎഗ്ഗത്തെക്കാളുമെറ്റംസുഖകര മാൎഗ്ഗമായുള്ളകെരളഭൂത ലം നിന്തിരുവടിതങ്ങൾക്കുതന്നതുമെന്തൊരുസുഖംവെണ്ടു തിതിൽപരം പൊട്ടന്മാരായതങ്ങളുമിന്നൊരു പൊട്ടത്വമുണ ൎത്തിക്കുന്നിതങ്ങൊട്ടു നിന്തിരുവടിതന്നെമഹീഭൃത്തിന്നന്ത

രാളമായുള്ളമഹീതലെ സ്വയമായിട്ടുകല്പിച്ചിതിങ്ങിനെ ന്യാ
യമന്ന്യായമെന്നിവകെവലം ധാന്ന്യങ്ങളുടെനാമഭെദങ്ങളും ധ
ന്ന്യന്മാൎക്കുള്ളമൂലഫലങ്ങളും കാലവും വിതപ്പാനും നട്ടുവാനും ചാ
ലവെകൃഷിചെയ്യും പ്രകാരവും നിന്തിരുവടികല്പിച്ചരുളെണ
മെന്നൊരുഗതിയല്ലാതെഞങ്ങൾക്ക എന്നുണൎത്തിച്ചതുകെട്ടുഭാ
ൎഗ്ഗവൻ പിന്നെയുമരുൾചെയ്തുസുഖത്തൊടെനിങ്ങൾക്കിന്നി
തുതൊന്നിയതെത്രെയും നന്നുനന്നിതുകെട്ടുധരിച്ചാലും നമ
സ്കൃത്യഗുരുചരണാംബുജം ക്രമത്തൊടിവചൊല്ലുന്നതുണ്ടുഞാ
ൻ എങ്കിലൊനിങ്ങൾകെട്ടാലുമെതെഷാം ശങ്കകൂടാതെചെർ
മുതലായിട്ടു പണ്ടുപണ്ടുള്ളവിത്തുകളെല്ലാമെ കണ്ടാലുമറിയാ
തെമറഞ്ഞുപൊയി നിഷ്ഠുരങ്ങളാമിന്നുള്ളവിത്തുകൾ കുഷ്ഠരൊ
ഗാദിവൎദ്ധിപ്പിക്കും ദൃഢം കെരളം പരദെശമെന്നിങ്ങിനെ പാ
രം ഭെദമെല്ലാററിനും നിൎണ്ണയം ആസുരങ്ങളാം വിത്തുകളെയും
ഭൂസുരരെപരദെശത്തുള്ളവ ഫലമൂലങ്ങളും ബഹുഭെദങ്ങളിത്ര
യും കൂടമിശ്ലമായിട്ടുള്ള ഭൂമിഭെദങ്ങളെ കൊണ്ടുവിത്തുകൾക്കൊ
മനപ്പുരത്തായിബഹുവിധം മലയാളത്തിൽതന്നെവിളയുന്ന
മലവിത്തുകളുണ്ടുപലവിധം തുളുനാട്ടിലുഴന്നനിലങ്ങളിൽവി
ളയുന്നൊരുവിത്തുകൾകെട്ടാലും കാമദാരയെന്നുള്ളൊരുവിത്തി
നെ കാതിച്ചങ്ങുവിതച്ചാലുമെപരും മുകിന്നവെളുത്തൊന്നൊ
രുവിത്തു മകരത്തിലുറച്ചുവിതച്ചാലും ജീരകം ലാലവിത്തുമ
വിടെക്ക നെരായിട്ടുപിടിക്കുമറിഞ്ഞാലും പുംഗലനാം ചെറു
വിത്തുവെകാതെ തുംഗമാം കനമെറുന്നവിത്തതും വെട്ടുവെളി
യെരിയെന്നവിത്തിങ്ങ നഷ്ടമില്ലവിളവിനു നിൎണ്ണയം തുംഗ
മെറും ചുറ്റുക്കരിയവി ത്തംഗങ്ങൾക്കുസമമിവരണ്ടുമെ വാ
ഴക്കൂൎണ്ണനാമെന്നൊരുവിത്തിന്റെ വായിപ്പെറുന്നതിക്കരെ
ദെശത്ത വെള്ളച്ചെന്നെല്ലെന്നുള്ളൊരുവിത്തിന്റെതള്ളലെ
റിപിരിപ്പുവിളയുന്നു സമ്പത്താളനാമെന്നുള്ളവിത്തതി സമ്പ
ന്നന്മാരുഴുതുവിതച്ചാലും തുളുനാട്ടിലിവിത്തുകളൊക്കയും മുള
പ്പിച്ചിട്ടൊരാം വിതച്ചീടുവാൻ കൊലനാടതിലാകുന്നിവിത്തുകളാ
ലംബെനധരിച്ചാലുമെപരും ചെന്നെല്ലെന്നൊരുവിത്തുവി
രിപ്പിനു നന്നുപാരം വിളവിനും നിൎണ്ണയം കരിഞ്ചെന്നെല്ലും
കുത്തിവിതെന്നതു മുരുണ്ടാകുന്നുരണ്ടിവകെവലം കൊഴിവാ
ലനാം വിത്തുവിതച്ചാലു മാഴിയാം പാടമുള്ളതിലെപരും വെ

ള്ളകൊഴിവാലൻവിതച്ചാലൊരു കള്ളക്കാടതിനില്ലവിശെ
ഷിച്ചു പൊന്നാരിയനുംപിന്നെക്കഴമയും മന്നവക്കുചിതമി
ത്തുഭക്ഷണം മുണ്ടകനുമരിക്കിരാലിയതു മുണ്ടെല്ലാടവുംപറവു
ന്നവിത്തെല്ലൊ - പയ്യനാടനെന്നുള്ളൊരുവിത്തിനെ കയ്യു
ന്നൊരിതുനന്നായ്വിതച്ചാലും ഒത്തടിയനാമെന്നൊരുവിത്തു
പാൽതുകണ്ടാലുമുണ്ടതിനത്ഭുതംവാലിയെന്നുള്ളവിത്തുവിതക്കെ
ണ്ടും കാലമെവിളവെററമുണ്ടാതാലും പൂത്താടെന്നൊരു
വിത്തുപറമ്പിലെ കൊത്തവണ്ണംവിതക്ക കൃഷിവലർമൊട
നുംചെറുമൊടനിറകനും കാട്ടുകാഴ്ചക്കനല്ലതിവമൂന്നും പറമ്പ
ൻകഴമയെന്നൊരുവിത്തപറമ്പിൽപിടിച്ചീടുമതെററവുംചൊ
ല്ലെഴന്നമലയുടുമ്പൻചര ക്കല്ലുള്ളെടത്തുംപററുമലയിലുംകൊ
ലനാട്ടിലീവിത്തുകളെററവുംപാലിച്ചീടുമതിനില്ലസംശയംകൊ
ടനെല്ലുവിതക്കചുരത്തിന്മെൽ ആടലൊട്ടുമതിനില്ലൊരിക്കലും
ഇടനാട്ടിൽവിതക്കുന്നവിത്തുക ളുടവെപറയുന്നതെളിഞ്ഞുനാം
കരിപ്പാലിയുമാരിയനുംപിന്നെ വിരിപ്പല്ലൊകഴമയുംകാളി
യും വട്ടനുംമുണ്ടവള്ളിനവരയും പാട്ടനൊക്കിവിതക്കെണ്ണ
മെവരും കൊഴിവാളയാംവിത്തുവിതച്ചാലു മാഴിയൊരുവയ
ലിൽവഴിപൊലെ പുഞ്ചവിത്തുജലമറാത്തുഴിയിൽ അഞ്ചൊ
തെമ്മുന്നുവട്ടംവിതച്ചീടാം കുട്ടനാടൻവിതച്ചാലൊരെടത്തു മെ
ട്ടുമാസത്തിനുള്ളിൽകതിർവരാ കൊടനെരീപറിച്ചുനട്ടീടുകിൽ
ആടൽകൂടാതെകൊയ്യാമറിഞ്ഞാലും ചെപ്പിലക്കാടൻകൂവള
ക്കാടനും മൂപ്പുകൊണ്ടെല്ലൊഭെദംപറയുന്നു മുണ്ടകമ്പാലവെ
മ്പാലയെന്നവ മുണ്ടകത്തിൽപ്രധാനങ്ങളായവ കുമ്പളവ
നുംചെന്താർമണിയനും മുമ്പെയുള്ളൊരുവിത്തിവമുണ്ടകെ
വെള്ളത്തായനാംവിത്തങ്ങതിവെലം പൊള്ളയററകരിങ്കാളി
വിത്തതും നടപ്പുള്ളൊരതിക്കുറുമവിത്ത പൊട്ടക്കനുപറിച്ചു
നടെണമെ ആരിയൻകാളിയുംതനിക്കാളിയും ചൊരണാലിവ
ലീലസ്വർണ്ണാലിയും നെരഞ്ഞവിതക്കെണമരിവതി പാരിച്ചീ
ടുന്നവള്ളുവനാടതിൽ കുറുപ്പുള്ളൊരരുമക്കാലിവിത്തു വെ
റുപ്പില്ലതിനൊട്ടുംവിളവിങ്കൽ ചിറെറനീയെന്നവിത്തിന്നൊ
രിക്കലുംപററുകില്ലമഹാവ്യാധിയും നൂണൊംഎന്തുചൊല്ലെണ്ടുകാ
ടക്കഴഞ്ഞനെൻറചന്തമെറും വിളവിനെൻറവിസ്മയംആസുരിയാ
കുംവെള്ളക്കറിഞ്ഞിയുംധൂസരാഭംകരിങ്കുറിഞ്ഞിയതുംഅന്നചെ

മ്പാനുംകല്ലുണ്ടചെഞ്ചെമ്പാനും മന്നക്കുള്ളൊരുചെമ്പാനുംചി
ന്നെമക്കമക്കാപ്പുനമെലിച്ചമ്പാനുംനക്കമുണ്ടയൊരിക്കിലചെ
മ്പാനും കൊദംബചെമ്പാനെന്നുള്ളവിത്തുകൾ ആദരിക്കെണം
വെള്ളപ്പംനാടതിൽ വെട്ടിക്കട്ടാടനെന്നൊരുവിത്തും വെ
ട്ടിയാലതുവൃദ്ധിതലപ്പുള്ളി പാണ്ടിയൻ ചെറുപാണ്ടിയുമെ
ന്നിവ രണ്ടുവിത്തുതലപ്പുള്ളിയുണ്ടാകും വെങ്കുറിഞ്ഞികരിങ്കുറി
ഞ്ഞിയെന്നും പങ്കംകൂടാതെയുംവിതച്ചീടുക കുട്ടിയുംവലിയകുട്ടി
യെന്നിവാനട്ടുണ്ടാക്കുന്നവിത്തിവരണ്ടുമെത്തനക്കൊമ്പനെ
ന്നുള്ളൊരുവിത്തിന സ്ഥാനമെല്ലാപറവൂരനാടതിൽ വിരു
പ്പെല്ലൊതുള്ളനാടൻ വിത്തതങ്ങുരത്തീടുംകരപ്പുറത്തെററവുംചെ
ററാരിയൻമണലാരിയൻആഫാപററുമെററംകറുത്തകുറുവയുംകുറു
വവിത്തെടനാടതിൽതന്നെ വെറുപ്പില്ലാതകണ്ടുവിളയുന്നുപ
റമ്പൻചെറിയപറമ്പൻവിന്നെപറമ്പിൽതന്നെപററുമിതെ
ററവും അയനിയെന്നവിത്തുമുണ്ടകം വയലിൽപിടിച്ചീടുമ
തെപ്പൊഴും ആരിയൻചെറിയൊരാരിയൻനൂണൊം മതിയാ
യിട്ടതുമിവരണ്ടും ഇവയെല്ലാംകരപ്പുറമെന്നുള്ളൊരവനെന്നു
വിതച്ചാലുമറച്ചിട്ടാ കുട്ടനാട്ടുവിതക്കുന്നവിത്തുക ളൊട്ടൊട്ടി
ന്നുപറയുന്നുകെട്ടാലും പൊക്കാളിചെറുപൊക്കാളിയെന്നിവ
തക്കമൊടെവിതപ്പാനിവിത്തുകൾ ക്രൂരവിത്തുവിതക്കുന്നവ
ക്കിഹ പാരമുണ്ടാകയില്ലദരിദ്ര്യങ്ങൾ കരിക്കൻവിത്തുതൊറുന
ടുകിലൊകരിക്കെന്നുവരുന്നുസമൃദ്ധിയുംകുററാരിയൻചുവന്നാ
രിയൻവിത്ത പററുമെററംകുറുവയുംവെന്നല്ലും ഭാഷിതങ്ങളാ
മെതഹിവിത്തുകൾ ഠരംഷൽകൂടാതെകുട്ടനാട്ടുഴിയിൽ വെണ്ണ
നാടതിലെററംവിളഭൂമിവാണുകൊണ്ടാലുംപാണ്ടിയാംവിത്തി
നാൽ പുഷ്ടിയുള്ളൊരുകൊടക്കഴത്തനാ മിഷ്ടവിത്തുവെണ്ണെ
നാട്ടുഴിയിൽ കൊളവാഴയാംവിത്തങ്ങെടുത്തിട്ട തള്ളിക്കൊണ്ടു
പൊടിയിലതെററവും വെള്ളക്കട്ടാടനെന്നവിരയതു വെള്ള
മെറുന്നതിലെല്ലാപററുന്നസീതഭൊഗമാംവിത്തുവിതക്കെണ്ടും
ശീതമായുള്ളഭൂമിയിലാദരാൽ പുഴുതുവെരട്ടിയെന്നവിത്തതു
മുഴതെററംപൊടിയിൽവിതക്കെണംമൂപ്പിളപ്പമിടക്കുറുവവിത്ത
മെപ്പടിവിതക്കെണമറിഞ്ഞാലും ചെണ്ണററുപിടിച്ചിട്ടുന്നവി
ത്തിവ വെണ്ണനാട്ടിലുംപാണ്ടിയദെശത്തും പരദെശങ്ങ
ളിലുള്ളവിത്തുക ളുരചെയ്യുന്നുവെണ്ണനാടന്ത്യമായി കാരെ

നല്ലൊരുവിത്തുവിതച്ചിട്ട ഭാരങ്ങൾ കളയുന്നുമന്നവർ
ന്നേരെകെൾപ്പിൻ വൃശാനമാംവിത്തതും പാരിലൊക്കതെളി
ഞ്ഞുവിളങ്ങുന്ന ചെമ്പാവെന്നും മുഴകചെമ്പാവെന്നും ഇ
മ്പമുള്ളൊരുപിരകചെമ്പാവും മൂന്നുവിത്തിവരാജ്ഞാമതിപ്രി
യ മെന്നുകിന്നിപെരുകുനരപാരതിൽ മൂന്നുവട്ടംവിളയുമവന
ന്നാ യൂന്നികൊണ്ടുവിതച്ചാലുംനട്ടാലും കല്ക്കുരായനമെന്നു
ണ്ടൊരുവിത്ത നല്ലുമാനന്ദം തീമിലിവിത്തതു മൂപ്പിളപ്പമായു
ള്ളൊരുപൂങ്കാരും തപ്പാതെവിളയുന്നിതിരിപ്പകിൽ മൂപ്പെറിട്ടും
പെരുപാശനുംപുന രൊപ്പമാന്നുവിളയുമൊരുപ്പകിൽ കുങ്കുമ
ചെമ്പാവെന്നുമൊരുവിത്ത തങ്കംപൊലെയിരിക്കുമിതല്ലതം
വെള്ളക്കാരുമെളങ്കാരുമെന്നിവ തള്ളലായിവിളയുന്നവിത്തി
വപുഴകുചെമ്പാവെന്നൊരുവിത്തിനെന്നഴകുന്നിതുഭ്രവതിവി
തരുംചെമ്പാളായെന്നവിത്തുമതുപൊലെചൃമ്പാളയെന്നുംരണ്ടു
പെരായിതമട്ടക്കാരുവിതച്ചാലൊരിക്കലുംമുട്ടണ്ടാകയുമില്ലാധ
നത്തിനാരംക്കലചെമ്പാവെന്നൊരു വിത്തിതുമൊക്കിലൊദൈവ
ന്മാൎക്കല്ലൊവെണ്ടുന്ന ഉത്തരദിശികാശ്മീരദെശത്ത മത്തവിത്തതു
മെത്രയുംവിസ്മയംഒരിക്കൽവിതച്ചാലിതുവത്സരേകന്ദത്തൊടെ
വിളയുന്നുമൂവ്വട്ടംവ്യാഴവട്ടംവിളയുമിതുതന്നെ ചൃഴവുംമപ്പത്താ
റുപരിവൃത്തിപിന്നെയുമൊരിക്കാൽവിതച്ചാലിതുതന്നെപൊരു
മൊരുപന്തിരാണ്ടെക്കതന്നിമെൽതന്നെപൊട്ടിവിളയുന്നതെ
ന്നൊകഷ്ടമിതെത്രയുമത്ഭുതംഇങ്ങനെപറഞ്ഞീടുന്നബീജങ്ങൾ
മങ്ങാതെവിതച്ചിട്ടവിനെവരും മലയാളമാംനിങ്ങടെദെശത്ത
ചാലയെവിളയുന്നവധാന്യങ്ങൾ പരദെശമായുള്ളൊരുരാജ്യ
ത്തപരന്നുനവധാന്യംവിളയുന്നു കെട്ടുകൊള്ളുവിനെള്ളുമുതലാ
യകാട്ടുവിത്തുകളെത്രയുംവിസ്മയം കാരള്ളെന്നണ്ടൊരുവകവി
ന്നെയുംതിരച്ചൊല്ലുവനെങ്കിലൊവട്ടെള്ളുംനാട്ടിലുള്ളുവനിക്ക
ടുപ്പൻപിന്നെ കെട്ടാലുകുട്ടനാടനാമെള്ളുതും ഗൊരാന്ധിയെ
ന്നൊരെള്ളുവിതച്ചാലും നാശമററതുളുനാട്ടിലെററവും വയലെ
ള്ളെന്നൊരുവകയുണ്ടതു വയലിൽതന്നെപററുമതെററവുംചി
ത്രമായുള്ളവെളെള്ളുമെത്രയും നെത്രങ്ങൾക്കുവെളുക്കമതൊനന്ദം
വലിയെള്ളുംചെറിയെള്ളുമെന്നിവ തലക്കെററംശുഭംനൂണാം
നിണ്ണ്യയം തിനയുമുഴന്നുംപയറുംപിന്നെ കനിവൊടെകരിമ്പ
യറെന്നതുംചെമ്പയറുംചെറുപയറെന്നതു മപ്പുറംകാളിയെന്ന

പയറതും തണ്ടരം പതിനെട്ടുമണിയനും മുണ്ടകപയറും പെരി
ഞണ്ടനും പെരുംകെട്ടാലും തട്ടപയറെന്ന താരൊമൽക്കുങ്കമപയ
റെന്നതും പരദെശങ്ങളിലിവരണ്ടുമെ മരുവീടുന്നു ചെഞ്ചെപയ
റതും തുകരചെറുതായതുകരയും ചുകന്നീടുന്നകൊദംബം കൊറയും
വെങ്കട്ടുക്കരിങ്കട്ടുകെന്നിവ ശംകകൂടാതെകെട്ടാലുമിന്നിയുംകാ
ടകന്നിയും കമ്പവും ചൊളവും ഞൊടൽകൂടാതെ ചൊല്ലുന്നു വിസ്താ
രംവൃത്ത ചൊളമരിച്ചൊളമായതി നത്തലൊട്ടുമെയില്ലതിനത്ഭുതം
വെള്ളച്ചൊളമുമിയുണ്ടതിനെറതള്ളലുള്ളകരിഞ്ചൊളം ചെഞ്ചൊ
ളം വെള്ളക്കമ്പുണ്ടൊരുവകവിന്നെയും ഇല്ലമുപ്പുകുറവക്കമ്പി
ന്നിഹധരിക്കെന്നും കുതിരവാലൻവിന്ന പരക്കവളയുന്നവ
രകമെചീരകം കരിഞ്ചീരകം വിന്നെയും പാരിലെറയുള്ളൊരു വെ
ഞ്ചീരകം വെള്ളവെങ്കായമീരവെങ്കായവും തള്ളലുള്ളവർകൊ
ള്ളുമല്ലവായും ചാമയും ചെറുചാമയുമെന്നിവ കാമിച്ചീടുമയമൊദ
കം തഥാ അവരക്കാവുളിയവരക്കായും ചുവന്നുള്ളൊരവരക്കവി
ന്നയം ഞൊട്ടകൊമ്പനവരക്കവിന്നെയും വാട്ടമില്ലാതവെള്ളവര
ക്കയും വൃഷ്ടിയെറുന്നമുസ്തനവരക്കവട്ടിയെറുന്നമുണ്ടനവരക്ക
വെള്ളവരക്കമുള്ളനവരക്ക വള്ളിമെലുള്ള ചിററവരക്കയും പരി
ത്തിക്കൊട്ടുന്നു വിധത്തൊടു ചുരുക്കിപറയുന്നുണ്ടനാമിഹ
ചൊല്ലെറ്റന്നൊരു കല്ലൻപരിത്തിയും തുള്ളിച്ചാടുന്നൊരുപ്പൻ
പരുത്തിയും കെടെറുന്നമലമ്പരുത്തിക്കൊട്ടകെടില്ലാതൊരു ചെ
ലയതാകുന്നു കടലക്കാ ചെറുകടലക്കായും കട്ടപ്പുള്ളൊരുഹൊമ
മെന്നുള്ളതും സസ്യങ്ങളുടെ പെരുകളെ ഒരൊന്നിഹ സസ്യമാക്കാ
തെ കെട്ടാലുമെവരും ചെനയും ചെറുചെനയുമെന്നിവമാനവന്മാ
ക്കു പത്ഥ്യമായുള്ളവ കിഴങ്ങെററം ചെറുകിഴങ്ങെന്നിവ മുഴപ്പെ
റുന്നവള്ളിക്കിഴങ്ങതും വടിവുള്ള പിടിക്കിഴങ്ങത്രയും പടന്നു
ള്ളൊരു മുക്കിഴങ്ങത്ഭുതം ചെമ്പിന്റെ പെരപ്പെററം കരിഞ്ചെമ്പ
തമ്പിമാരെററമുള്ള വെളിഞ്ചെമ്പും പുമെതൊലിയെററവുമുള്ളൊ
രു പറങ്കിക്കിഴങ്ങെന്നൊരു ചെമ്പതും വലിയ ചെമ്പുമെററമി
കവുള്ള മലരാമനും പെഴയാം ചെമ്പിഹ കുഴിച്ചെമ്പും നനച്ചെ
മ്പും പാൽചെമ്പും പൂഴിച്ചെമ്പെന്നുമുണ്ടങ്ങൊരുവക കൊഴി
ക്കാലനും ചുററുവകയെന്നും ചുഴവുമുള്ളമാരണെകന്നെനും കൂക്ക
യും ചെറുകൂക്കയും കാവിത്തും ചീനക്കല്ലനും വാൽനീണ്ടിയെന്ന
തും മലയിഞ്ചിയുമിഞ്ചിയും മഞ്ഞളും മലിവാവയിലാടൻചെറു

കൊടിഫലങ്ങൾക്കൊക്കദൈവതമായുള്ളഫലരാജൻകദളിയാം
വ്വാഴക്ക പൂവ്വനുംകദളിപ്പൂവ്വനെന്നതും മുവ്വകദൈവ ബ്രാഹ്മണ
ക്കാക്കുന്നുകുന്നനുപിന്നെവണ്ണനിരുമുട്ടിക്കന്നനുംമികവെറുന്ന
കാളിയുംകെട്ടാലുമെടനാടനാംചിങ്ങനും നാട്ടിൽ വിസ്മയംനീ
ന്ത്രവാഴക്കയുംപൊക്കക്കൂടാതൊരാററുനീന്ത്രക്കായ താക്കമെറ്റും
നന്നീന്ത്രക്കായയുംകണ്ണൻവാഴക്കയുണ്ടങ്ങൊരുവിധംപൊ
ണ്ണനെന്നൊരുവകയുണ്ടഹൊ പരദെശമരുവുന്നവാഴക്ക
പരന്നിട്ടിരിക്കുന്നൊരുനാടനും നിറൻവാഴക്കയുണ്ടങ്ങൊരു
വക കറയുള്ളൊരുവാഴക്കപിന്നെയും പെയൻവാഴക്കയുണ്ട
ങ്ങൊരുവകമായമില്ലാത്തകുന്നൻവാഴക്കയും രസതാളിയെന്നു
ണ്ടൊരുവാഴക്ക രസമെറ്റമത്രെയുമത്ഭുതം മലവാഴക്കയെല്ലാ
ടവുമൊരുപൊലെതന്നെശിലയുണ്ടതിനുള്ളിൽകുമ്പളങ്ങൾബ
ഹുവിധമെത്രയുംഇമ്പമാംമത്തൻകുമ്പളങ്ങൾക്കൂട്ടംഒരുനാളുംനര
യാതിരിക്കുന്നചൂരക്ക കുമ്പളങ്ങളായൊരുവിധംവെള്ളരിക്കയുംവെ
ണ്ടക്കവത്തക്ക വെള്ളമെറിയ കക്കരിക്കായതും കുമ്മട്ടിക്കായൊ
രുവകപിന്നെയുംപെണ്ണകെട്ടാലുംപെകുമ്മട്ടിക്കായുംകറുമത്തി
ൻകായുണ്ടങ്ങതിൽതന്നെപറയുന്നുവകഭെദമെന്നതുംമുണ്ടൻക
യ്പക്കകയ്പക്കപിന്നെയുംനീണ്ടിട്ടൊന്നൊരുകൊങ്ങൻകയ്പയുംപെ
പ്പടൊലങ്ങമുണ്ടൻപടൊലങ്ങൾശുദ്ധിയെറുന്നവെള്ളപ്പടൊല
ങ്ങൾകൊവക്കചെറുകൊവക്കയുംപെരുംകൊവക്കവെള്ളക്കൊവ
ക്കകെട്ടാലുംനാരങ്ങചെറുനാരങ്ങമാതളനാരങ്ങവടുകപുളിനാ
രങ്ങവല്ലിനാരങ്ങയെത്രമനൊഹരമല്ലിനാരങ്ങയുമീളിനാരങ്ങ
മുളകുംഒന്തൊണ്ടിഎന്നമുളകതുമളവററചെറുമുളകെന്നതുംവലുതാ
യുള്ള കാട്ടുമുളകതും മലിവെറുന്ന ചീനമുളകുമെ വിസ്മയ
മിതുകപ്പൽമുളകിന ങ്ങസ്വാകംബൊന്നെ മെന്നുപറയുന്നചെ
റുകപ്പൽമുളകും വലിയതുംമറു വില്ലാതകൊങ്ങനുമുളകതും നീ
ളമുള്ളൊരുകപ്പൽമുളകതും മെളമാമുണ്ടൻകപ്പൽ മുളകുമെ
തെങ്ങയുംചെറുതെങ്ങപരദെശ ത്തെങ്ങുമുണ്ടല്ലൊ വെള്ള
ത്തെങ്ങാശ്ച്യവം ഗൌരിപാത്രമെന്നുള്ളൊരുതെങ്ങക്ക പാരം
ദുല്ലഭമെപരദെശത്തും കന്നിക്കുരനുംകുംഭക്കടവന മെന്നുര
ണ്ടങ്ങിവററിലെഭെദങ്ങൾ മുള്ളുള്ളൊരുവഴുതിനിങ്ങചെറു മു
ള്ളിക്കാവലിയാട്ടുമുലച്ചിയും വള്ളിമുള്ളൻവഴുതിനിങ്ങനീളമു
ള്ളവില്ലൻവഴുതിനിങ്ങമററും മുണ്ടൻചക്കകണക്കെവലുതാ

യ തുണ്ടുപാണ്ടിവഴുതിനിങ്ങട്ടഢം കൊട്ടക്കാടൻവഴുതിനിങ്ങക്കൊരു വാട്ടമില്ലൊരുനാളുമറിഞ്ഞാലും കൊഴിക്കൊടൻവഴുതിനിങ്ങപുനത്രുഴിതന്നിൽമനോഹരമെത്രയും മുണ്ടൻപന്നിവഴുതിനിങ്ങവരി നീണ്ടകൊങ്ങൻ വഴുതിനിങ്ങപ്രബ്ദത്തുലങ്ങാടൻവഴുതിനിങ്ങയൊരു മെളുമുണ്ടതു നിളമറിഞ്ഞാലും പരദെശത്തുവിസ്താരമെത്രയും കറപ്പുവ്വുംവഴുതിനിങ്ങാട്ടശം ആനക്കൊമ്പതുപൊലെയിരിക്കുന്ന ചെന്നത്താണ്ടൻ വഴുതിനിങ്ങട്ടശം. കരിമ്പുംബദരിക്കരിമ്പുംപിന്നെ പെരുത്തിട്ടുന്നനായ്ക്കുരിമ്പെന്നതും രസമാളിയാമെന്നകരിമ്പതും രസമെറുമസുരക്കരിമ്പുമെ മാൻനിറമായനീലക്കരിമ്പതും പാൽനിറമൊത്തവെള്ളക്കരിമ്പതും പൂമപത്രങ്ങൾ തന്നുടെ മാഹാത്മ്യം കാമമെറുന്നകപ്പാരിമാനെരി പടക്കൻമദനാന്തകൻചാപ്പാടൻ കുട്ടപ്പെറുന്നപച്ചപ്പുകലയും പശ്ചിമനാംപുകലക്കൊരാനന്ദം ആശ്ചര്യമതില്ലകിഴക്കന തെക്കനായുള്ളവെററിലയെററവു മാറെറലെറുന്നമുക്കണ്ണിവെററില കൊഴിക്കൊടനാംവെററിലമുററുമെ ചൊഴമണ്ഡലവെററിലക്കുസമം അപ്പൊഴക്കൊടനെന്നൊരുവെററില ദമ്പതിമാരതിക്കൽരമിക്കുന്നു കുഴിക്കൊട്ടിരി വെററിലഎന്നതു പഴത്താലുംരസക്കെടതിനില്ല കൊല്ലവെററിലയുണ്ടങ്ങൊരുവക പള്ളിമെൽകറ പറുമതെററവും ഞാലിവെററിലയുണ്ടുബഹുവിധം പാലിച്ചീടുംമരക്കൊടിവെററില വള്ളുവനാടതിലാദരിച്ചീടുന്ന വെള്ളുവെററിലഎത്രയും വിസ്മയം തുംഗമായൊരു കൊങ്ങിണിവെററില കൊങ്ങവെററിലഭംഗിയതെററവും കുററമെറുന്നൊരാനമലപ്പുതി വെററിലതരിപ്പെററമറിഞ്ഞാലും ഇരുനാലുമൊരുമാസംനുള്ളീട്ടു ഞൊരുകെടില്ലവെററിലചെലത്തെ വെള്ളുനൂരങ്ങധിവസിച്ചീടുന്ന വെള്ളവെററില യുണ്ടങ്ങൊരുവക മാലററീടുന്നചൂഴ്ന്നവെററില ബാലസ്ത്രീകളതിക്കൽ രസിക്കുന്നു മുററുമുററുകുഴിവെററിലനൂണാം പറുമാറില്ലതെററമറിഞ്ഞാലും തുളുനാടനല്ലക്ക യൊരുവക വെളുപ്പെറും പൊളിച്ചാലതെററവും കൊഴിക്കൊടനടക്കക്കൊരുനാളുംപാഴപ്പില്ലപഴുത്തുപറിക്കുന്നു രാമനാടനായുള്ളൊരടക്കയു മാമലകിയെപ്പൊലതുവിസ്മയം വള്ളുവനാടതിലെററംവളന്നൊരു വെള്ളടക്കതൊലിയുംകുറയുന്നെ കുറുന്നൊരെടനാടൻ പിന്നെയും പാരിൽമു

നുള്ളുപുത്തൂരടക്കയും അരങ്ങമെന്നടക്കചിലകാലം പാരിച്ചി
ട്ടന്നവിസ്മയമെത്രയും ഇങ്ങിനെഭൂമിദെവന്മാക്കായ്ക്കൊണ്ടുമ
ങ്ങാതബീജങ്ങളതൾംചെയ്തു ഭാർഗ്ഗവരാമനുമന്നെ. * * *

ഇതി-ഭാർഗ്ഗവീയചരിതെപ്രഥമപാദംസമാപ്തം.

---

കൃതവീര്യസുതരിപുഭാർഗ്ഗവൻ മതിചെന്നതൾംചെയ്തി
ത്തുപിന്നെയും കൃഷികമ്മങ്ങൾംചെയ്യുംപ്രകാരവും വൃഷഭാദി
കൾംസാധനമൊക്കയും കൃഷിചെയ്യുകഴിയാത്തവക്കൊരു വ
ഴിയില്ലപിഴപ്പിനുഭൂതലെ മാർഗ്ഗങ്ങൾം കളയെണമെങ്കിലൊ
നെരത്തെകൃഷിചെയ്യെണമെവനും പതംകാലത്തെക്കുള്ളൊ
രുകൊപ്പുകളൊരുമ്പെട്ടുകരുതെണംമുമ്പിലെ എകത്തിപ്പട്ടുക്കെ
ണംതൊഴുത്തുക ഉകത്തിട്ടങ്ങടുത്തിട്ടിരിക്കണം പുല്ലുവട്ടികൾം
വെണമിടെയിടെ വെള്ളപ്പാത്തികളൊട്ടുംബഹുവിധം തൊ
ഴുത്തൊളമിടയിട്ടിട്ടപ്പുറെ കുഴിച്ചുപട്ടുക്കെണംവളക്കുഴി_കാള
മൂരികരിങ്കന്നിവയെല്ലാം ഒളംകൂടാതെകെട്ടണംവെവ്വെറെതാ
ടക്കാലിട്ടിട്ടെല്ലൊതൊഴുത്തുക ഉടിപ്പൊകാതിരിക്കണംകെട്ടു
മ്പൊൾം രാത്രിനെരംപിരിയാതെതീനിട്ട നെത്രങ്ങൾംകൊണ്ടു
താന്തന്നെനൊക്കണം കന്നരക്ഷിക്കപ്പൊകാത്തവരെല്ലാം
എങ്ങിനെകൃഷിചെയ്യുകഴിയുന്നു കന്നിനെക്കഴുകിച്ചുകുളിക്കെ
ണ മെന്നുമെകൃഷികമ്മികളെവരും തലയക്കാലംതന്നെകരു
തെണ മലിവൊടെകരിയുംനുകങ്ങളും നൊള്ളിയുംപള്ളക്കാലും
മരങ്ങളും തുമ്മലില്ലാത്തപാത്തിച്ചപിടിയുംകൊഴുവുംകൊട്ടുപാ
ൾംമഴുകത്തൂട്ടും വഴിഞ്ഞൊറമിരിക്കെണമെപ്പൊഴും കുഴിക്കു
ത്തിയതുപാളുംകൊടാലി മഴത്തായാലികൊട്ടയുംവട്ടിയും പണി
യാളർമികവായിട്ടില്ലാഞ്ഞാൽ പിന്നെയുംകടമെവനുംനിന്ന്
യം നടിച്ചുകൃഷിചെയ്യുന്നകാലത്ത പണക്കാരനുംവീഴുംകട
ത്തിന്മെൽ വിളയുന്നവസ്തുക്ഷിപ്പതിന്നായി കളംവെണമൊ
രിടത്തുമെറിട്ടു പണിയിച്ചുവന്നെന്നെകൊട്ടക്കണം പണി
യാളർക്കുവല്ലിവഴിപൊലെ വഴിവെട്ടിയടച്ചുവിളയിച്ചാൽ
ഉഴവന്മാർനശിക്കുന്നതെവരും അതിർനീക്കിവിളയിപ്പവ
ക്കൊരു ഗതിയില്ലപരലൊകത്തിങ്കലും വഴികൂടാതെകൊട്ടുന്ന
വരാരും കൃഷിചെയ്തുപിഴക്കാമെന്നൊക്കണ്ട ഗുരുഭക്തിയു

ഈശ്വരഭക്തിയും പെരുത്തൊരെല്ലൊന്നല്ല കൃഷിയിങ്കൽ നിദ്ര
യെറിയിരിക്കുന്നവരാരും ഭദ്രമല്ല കൃഷികൾ കമ്മണി ചിത്ത
ത്തിങ്കലുണൎവ്വില്ലാതീടുന്ന മത്തന്മാരാരും വെണ്ട കൃഷിയിങ്കൽ
വിഷയത്തിങ്കൽ സക്തിപെരുത്തവർ കൃഷികൎമ്മണി നൊക്ക
ണ്ടകെവലം കുളവുള്ളവരാരും നടക്കെണ്ട വിളൂദ്രമെന്ന കൃഷി
വലരായിട്ട മദ്ധ്യെമദ്ധ്യെ മധുപാനം ചെയ്യുന്ന ബുദ്ധികെട്ട
വർ വെണ്ട കൃഷിയിങ്കൽ കണക്കെല്ലാമെ ചൊദിക്കും നെരത്ത
പിണങ്ങുന്നവർ വെണ്ട കൃഷികരെ വെള്ളന്തന്നെ കൃഷിക്കു
പ്രധാനമെ നുള്ളിലെല്ലാൎക്കും വെണമറിഞ്ഞാലും വെലികെ
ട്ടീട്ടു വെണം കൃഷിവലർ കാലമെ വിതപ്പാനും നടുവാനും വളം
പാടത്തിടാഞ്ഞാലൊരിക്കലും തെളിവില്ലാ വിതച്ചാലും നട്ടാലും
അതുതന്നെയുമല്ല വിളവിങ്കലതി കഷ്ടം കുറച്ചിലുണ്ടായ്വരും തൊ
ലു വെട്ടീട്ടു താഴ്ത്തീടുന്നവർക്കതിനെല്ല വിളയുന്നു നിൎണ്ണയം
വരമ്പു കുറച്ചീടുന്നരന്മാരെ പെരമ്പൊണ്ടടിക്കെണം നുറുങ്ങവെ
മെലെക്കെണ്ടങ്ങൾക്കെല്ലാം വരമ്പുകളാലം ബെനധരിക്കെണ
മെവരും തുക്കലെറയുള്ളിടത്തൊരിക്കലും ചെക്കുതുകഴയും
വെള്ളത്തിന വരമ്പിന്മെലെ പുല്ലുകളെയെണം പറിപ്പിനുമ
തെന്നെന്നുകെട്ടാലും പച്ചപ്പുല്ലു വളം വലിച്ചീടുന്നു നിശ്ചയം
വെടിപ്പിന്നൊന്നു വെക്കെണ്ട പണ്ടുപണ്ടു ദധീചി കൃഷി ചെയ്യു
തുണ്ടു കണ്ടിട്ടതെന്നതറിഞ്ഞാലും മാഹെന്ദ്രപാലനെന്നൊരു
രാജാവു ദെഹനാശത്തൊളം കൃഷി ചെയ്തിതു കാശികാണ്ഡ
ത്തിലുണ്ടു വിധിച്ചിട്ട ദെശം ദെശം കൃഷി ചെയ്യും മാൎഗ്ഗങ്ങൾ പ
റഞ്ഞാലൊടുങ്ങുകയില്ലവ കുറച്ചിട്ടു പറയുന്നു കെവലം വെ
നക്കാലം പണിയെണ്ടതൊക്കയും മാനിച്ചു പറയുന്നിതു യുഷ്മ
ഭ്യം വെലി കെട്ടീട്ടുറപ്പിച്ചിട്ടെവരും കാലമെ പിറകെറയിടെണ
മെ പിറകാലാനിറഞ്ഞു വഴിഞ്ഞിട്ട പുറമെയടക്കെണമുറപ്പി
ച്ചു ഗതവൎഷസമൎപ്പിച്ചൊരിന്ധനമിതുകാലമെടുത്താലെ
നീരറു വെലിക്കാൎക്കു മഴകില്ലട്ടുക്കെണം ചാലവെയികത്തികെ
ട്ടുക ദൃഢം പടിക്കാലും പടിയുമെല്ലാവൎക്കും വെടിപ്പൊടെയു
റപ്പിച്ചിരിക്കെണം പുരക്കുള്ളൊരു സാധനമൊക്കവെ കരു
ത്തൊടെ ചളിപിടിപ്പിക്കെണം തിന്ത്രിണീ മുതലായുള്ള സാധ
നം മന്ത്രിമിസ്സഹാമന്ത്ര്യായ ഫാതുഷ്ഠി നല്ലെണ്ണ വെളിച്ചെണ്ണ
പുല്പതെണ്ണ നല്ല കൊട്ടണ്ണയിവകയൊക്കവെ സംഭരിച്ചു ഭര

ന്നിയിലാക്കീട്ടു ശുഭവത്തായിസൂക്ഷിച്ചുവെക്കെണം സംഭരി
ക്കെണമീങ്ങചിനിക്കായും കുംഭമാസത്തിനുള്ളിലിവയെല്ലാം
വാകതാളിപ്പൊടിലവണാദിക ളാകയുണ്ടാക്കിക്കൊണ്ടുകരു
തെണം മാങ്ങനാരങ്ങപാകത്തിലൊക്കയും നീങ്ങാതെനെല്ലി
ക്കായുംകരുതെണം പുരയൊക്കവെകെട്ടിമെഞ്ഞിട്ടുടനിരിക്കെ
ണംസുഖിച്ചുടനെവരും തദനന്തരംനെല്ലുപെരുമ്പുഴ ക്കൊദ
നത്തിനുവെച്ചുണക്കീട്ടുടൻ സംഗ്രഹിക്കെണംസൂക്ഷിച്ചുവ
യെല്ലാം സംഗ്രഹചിത്തന്മാരെന്നറിഞ്ഞാലും എങ്കിലൊപഴ
തായിക്കിടക്കുന്ന പങ്കാടൊക്കമറിച്ചുദ്ദഹിപ്പിച്ചു സങ്കരങ്ങ
ളെയൊക്കകളഞ്ഞിട്ടു ശങ്കകൂടാതുഴവുമാറാക്കെണം കന്നതിന്നു
ന്നതൊലൊക്കകൊണ്ടുന്ന കന്നിനുകൊടുക്കെണംദിനമ്പ്രതി
പട്ടൊഴവുകഴിച്ചിട്ടുപാക്കെണം കുട്ടാടൻവിതച്ചീട്ടുവാൻഭൂമി
യിൽ കട്ടയൊക്കപ്പൊടിച്ചുതകക്കെണം കെടുകൊണ്ടുങ്ങുല
ച്ചുവരുവൊളം അതുനിഷ്ഫലൂട്ടെകെട്ടാലുമിന്നിയും മതഭെദംപറയു
ന്നതില്ലനാം നനച്ചുണ്ടാക്കിട്ടുള്ളൊരുസസ്യാദി മനസ്സിന്നു
തിസൌഖ്യമഹൊന്നണാം — വെള്ളത്താവളമുള്ളൊരുഭാഗത്തു
വെള്ളമുണ്ടാക്കികൊള്ളുന്നമെവരും നനച്ചമ്പാദിയായുള്ളു
തൊക്കയും കനക്കക്കുഴികുത്തിനടെണമെ കിഴക്കൻകൈപ്പു
വിത്തുപടവലം വഴിക്കെകുത്തിയിട്ടുപടർത്തെണം നനവെറു
ന്നദിക്കിലിവററിനു നിനക്കെണ്ടുകുറഞ്ഞീടുംകായ്കളും വിത്തു
നെരത്തെപാകിമുളപ്പിച്ചു നിർത്തിടെണംവഴുതിനിങ്ങതയും അ
റക്കീരചെറുക്കീരവിത്തു മറുത്തുതടാപാകിമുളപ്പിക്ക തണ്ടൻ
കീരവിതച്ചാലും നട്ടാലുംഉണ്ടാകുന്നുവിധിപൊലെദീശ്വരത്തി
ൽ മുണ്ടൻകൈപ്പക്കവെനൽപരിഷവു മുണ്ടുകായുംവളരെ
വർദ്ധിക്കുന്നു കുള്ളിയൊക്കചെറുതായിട്ടുണ്ടാക്കിപ്പുള്ളുമായിന
ടെണംവഴുതിന തിരിവെള്ളവുംതെകിയവെള്ളവും ഈരണ്ടു
ക്കിലുംവെണംസുലഭമായി വെള്ളരിക്കുഴികുത്തിവുതച്ചിട്ടു
വെള്ളമൊടെവളവുംകലക്കെണം ഇവററിന്നൊക്കചുട്ടവള
മിട്ടു ഭൂമിതന്നിൽമുളപ്പിക്കവെണമെ ചിതലെറുന്നദിക്കിലിവ
യൊന്നും മുതുന്നുണ്ടാകരുതുവൃഥാവലെ വെനൽകുമ്പളമെ
ത്രെയുംവിസ്മയം മാനിച്ചുണ്ടാക്കിപ്പന്തലിടെണമെ വെള്ളി
ത്തണ്ടൻപയറുമിതുപൊലെ വെള്ളംപാടാതിക്കെണമെപ്പൊ
ഴും വൃശ്ചികഞായറുംതുലാഞായറും നിശ്ചയംപരീക്ഷിക്കുംപര

ദെശെ രണ്ടുമാസത്തിലഞ്ചെട്ടുനാളില ങ്ങുണ്ടായാലും മഴമതി
യക്കാലം ഒന്നുരണ്ടുമഴപെയ്യാലുമിതിൽ നന്നുവഷ്മക്കാല
ത്തും കെവലം മലയാളമാം നമ്മുടെദെശത്ത ങ്ങലിവെറുമെഭൂ
മിക്കുനിണ്ണയം കെട്ടുകൊള്ളുവിൻമെലിലെവൃത്താന്തം കെട്ടു
തുണ്ടങ്ങഗസ്ത്യാചരിതത്തിൽ ചെരഞ്ചൊളനും പാണ്ഡിയനും ഭൂ
വി വീരന്മാരാകും രാജാക്കന്മാരിവർ മൂവ്വരും ദക്ഷിണദിശിയു
ള്ളവർ മൂവ്വരും മൂന്നുദിക്കിന്നധിപന്മാർ യെതൃപ്പനം പരമായു
ധബലഢ്യന്മാർ മൂവ്വരുമൊരുമിച്ചുവിചാരിച്ചു തപ്പില്ലാതെവ
രിഷിക്കകാരണം ചൊവ്വില്ലാതെനശിക്കുന്നുരാജ്യവും ദെവ
ദെവൻറെകാരുണ്യമില്ലാഞ്ഞി ട്ടീവണ്ണം നശിക്കുന്നിതുകെവ
ലം കാമവൈരിതൻഭക്തന്മാരായുള്ള നാമിപ്പൊളെന്തുചെയ്യെ
ണ്ടുതൊന്നാലും കശ്ചിദ്ദെവം ബൊധാക്ഷെതപാംസിമാം നി
ശ്ചയംകത്തൂമാരഭെദിശ്രമം അന്യരാജാക്കന്മാരിതുകെട്ടിട്ടങ്ങ
ന്യൊന്യം വിചാരിച്ചാരിരിവരും ഇതുകൂടാതെമറ്റൊരുപായ
വും ഇതിനില്ലനിരൂപിച്ചുകാണുമ്പൊൾ സെവിക്കുന്നവക്കാ
പത്തുനീക്കുന്ന ദെവദെവൻമഹെശ്വരൻ ദയാനിധി ദൃഷ്ടികൊ
ണ്ടുടൻകാണുമാറാകെണം വൃഷ്ടികത്താരം ദെവംമഹലവന്തം
മൂവ്വരുമെകചിത്തന്മാരായിട്ടീവണ്ണന്തന്നെന്നുറച്ചീടിനാ
ർ രാജ്യപാലനമൊക്കയുമിപ്പൊഴെ ത്യാജ്യമസ്മാഭിരദ്യൈവമ
ന്ത്രിഷു മന്ത്രിമുഖ്യനഹാഗ്രെയമൂവ്വരും മന്ത്രിച്ചുകൊട്ടുത്താനുവ്വി
ഭാരത്തെ സ്വസ്വമന്ത്രിഷുകാര്യങ്ങളൊക്കയു മസ്വതന്ത്രന്മാ
രായിനടത്തുവിൻ ഭൂമിഭാരമിവണ്ണമുറപ്പിച്ചു ഭൂമിപാലരത്തു
നിഞ്ഞുതപസ്സിന്നായി ദിക്കുനാലിലുംകാവലുംവെച്ചിട്ടു മുക്കു
ടത്തിലിരുന്നുനൃപന്മാരും നിത്യകമ്മങ്ങളൊക്കെയുപെക്ഷിച്ചുസ
ത്യമാനസന്മാരായനന്തരം ചിത്തശുദ്ധിവരുത്തിമഹെശ്വരനെ
ചിത്തത്തിങ്കൽപ്രവെശിപ്പിച്ചീടിനാർ ബാഹ്യത്തിങ്കൽച
രിച്ചുകിടക്കുന്ന ബാഹ്യമിന്ദ്രിയങ്ങളൊക്കയുമപ്പൊഴെ വ്യാപാ
രങ്ങളുമൊക്കയുപെക്ഷിച്ചു താപംകൂടാതെചെന്നകംപുക്കിതു
ദെഹചഞ്ചലമില്ലാത്തകാരണം മൊഹംകൂടാതെമാനസംതാന്ത
ന്നെ നിന്നുവൃത്തികളെന്നൊട്ടുകൂടാതെ വന്നിതുജന്മസാഫല്യ
മാസ്ഥൈയ്യം ദെശകാലങ്ങളിങ്ങുകിടക്കയാ ലാശയംകൂടയില്ലാ
തെയായിപ്പൊൽ മന്നവന്മാരിവണ്ണം ബഹുകാലം മുന്നംവി
ശ്വാമിത്രാദികളെപ്പൊലെ ദെവദെവനെമാനസംകൊണ്ടുടൻ

സേവിച്ചാരവരിഷ്ഠകാൎയ്യാൎത്ഥമായി ശക്തന്മാരായഭൂപതിമാ
രുടെ ശക്തിയുംതപസ്സുംകണ്ടുദേവനും സ്വൎഗ്ഗവാസികളോടുംമു
നിവരവൎഗ്ഗത്തോടുംതെളിഞ്ഞരുൾചെയ്തിതു.നമ്മെസേവിച്ചി
ട്ടിവണ്ണമാരുമെചെമ്മെകണ്ടിട്ടില്ലെന്തൊരുവിസ്മയംമനുജെന്ദ്ര
ന്മാൎക്കുള്ളൊരുസങ്കടംദനുജാരിന്ദ്രനായുള്ളനാമിന്നതെരിക്കനു
കളഞ്ഞുരക്ഷിക്കേണം പാൎക്കയിതുകെട്ടതില്ലെനിങ്ങൾ വരമെ
ന്തൊന്നുവെണ്ടതിവക്കെന്നുവരിച്ചാലതുനൽകെന്നുനിൎണ്ണയം
എന്നെല്ലാമരുൾചെയ്തജഗല്പതി ചെന്നുഭൂപതിമാരുടെസന്നി
ധൌവൃത്രവൈരിവിബുധപതിതാനും തത്രകണ്ടിതുഭൂപതിവീര
രെഭക്തവത്സലനായശചീപതിഭക്തന്മാരൊടരുൾ ചെയ്തിതീവ
ണ്ണം.നിങ്ങളെന്നെക്കുറിച്ചുതപസ്സുചെയ്തിങ്ങിനെ വസിച്ചീടു
വാനായുള്ള കാരണമെന്തൊന്നുള്ളിലതൊക്കയും തിരച്ചൊല്ലു
വിനെന്നുംമടിക്കേണ്ടമന്നവരിതുകെട്ടന്നിട്ടടൻസന്നഖെദം
തൊഴുതുണൎത്തിച്ചിതു ജംഭവൈരിഭഗവാനൊഴിഞ്ഞൊരു ത
ന്മരാനില്ലഞങ്ങൾക്കനിൎണ്ണയംനിന്തിരുവടിയെക്കണ്ടതിൽപ്പര
മെന്തൊന്നങ്ങടിയങ്ങൾക്കവെണ്ടത മഘവാന്താൻഭവന്തംവി
നാഭുവിഭഗവന്തംഭജിക്കന്നിതില്ലാരുംകൊപചിന്തയതന്ന്യന്നു
കെവലമെവമെവംബ്രുവജഗദിദം ഭൂമിപാലനംചെയ്യേണ
മെന്നൊരുകാമമില്ലിഹഞങ്ങൾക്കദൈവമെനിന്തിരുവടികാരു
ണ്യമുണ്ടെങ്കിലെന്തൊരുദുഃഖമുള്ളുഭുവിന്നൊന്നും യാഗകൎമ്മങ്ങൾ
ചെയ്യൊല്ലമിന്നൊരുയൊഗവാനായിരിക്കുന്നതില്ലാരുംഭൂമിയില
തിവൃഷ്ട്യാദികൊണ്ടുടനാമയംപാരമുണ്ടുകൃപാനിധെമനുജാതി
കളായൊരടിയങ്ങൾ ക്കനുമാനപ്രമാണമില്ലാൎക്കുമെ ഇരിക്ക
ട്ടെയിതൊക്കയുമിന്നൊന്നു ചുരുക്കീട്ടുണൎത്തിക്കന്നിതിജ്ജനം
അഷ്ടമൂൎത്തിയായുള്ളഭഗവാന്റെ വൃഷ്ടിയെല്ലൊജഗത്തിനുകാ
രണം വൃഷ്ടിയില്ലായ്കകൊണ്ടുജഗത്തിനും പുഷ്ടിപാരംകുറഞ്ഞു
ചമഞ്ഞിതു വൃഷ്ടികൊണ്ടുസൽപുഷ്ടിവരുത്തെണം. വൃഷ്ടിക
ൎത്താവായീടുംശചീപതെ മനുജാധിപന്മാരിവയൊക്കവെ മ
നുജാരിന്ദ്രനൊടുണൎത്തിച്ചിതു പാകശാസനൻഭൂപതിമാരുടെ
ശൊകംകണ്ടരുൾചെയ്തിതുപിന്നെയും നമ്മാലെന്തൊന്നുവെ
ണ്ടുന്നതൊക്കയും ചെമ്മെയിന്നുതരുന്നുണ്ടുനിങ്ങൾക്ക വൃഷ്ടി
യെങ്ങിനെനിങ്ങൾക്കവെണ്ടുതെ ന്നിഷ്ടമൊടെപറഞ്ഞാലു
മിന്നിഹ കൃപയൊടരുൾചെയ്തുകെട്ടടൻ നൃപവീരരുമന്ന്യാ

ന്യംചിന്തിച്ചു വൃത്രവൈരിയോടൊന്നങ്ങുണൎത്തിച്ചു ചിത്ര മൈത്രെയരുൾചെയ്യുതൊക്കുമ്പൊൾ നിന്തിരുവടിയങ്ങറിയാതെകണ്ടെന്തൊന്നുള്ളു ജഗതിതലെന്നുണൊം എങ്കിലുമടിയങ്ങളുണൎത്തിക്കാം സങ്കടംപാരമുണ്ടിന്നതെങ്ങൾക്ക വൃഷ്ടിപൊരായ്കകൊണ്ടുടൻ ഭൂതലം നഷ്ടമായിതുകെവലംധൎമ്മവും നിയമങ്ങളുമില്ലമഴക്കിഹ കയറുന്നതുമില്ലവിലയൊന്നും ദുൎഭിക്ഷം തന്നെയെന്നെപറയെണ്ടു ദുൎഗ്ഗന്മാരടിയങ്ങളാകയാൽ പണ്ടഗസ്ത്യമഹാമുനിപുംഗവ നുണ്ടാക്കിക്കുടകനഗിരിയത തലക്കാവെരിയെന്നനദിയതു ജലത്തെപ്പെരുക്കുന്നു ചിലകാലം ചൊളനാമടിയനിന്നതുകൊണ്ടു ചൊളരാജ്യത്തെരക്ഷിച്ചുപൊരുന്നു ദക്ഷിണാദിശിപിന്നെയുമമ്മുനി ശിക്ഷയൊടങ്ങിരുന്നുബഹുകാലം അഗസ്ത്യകൂടമെന്നഗിരിയത അഗസ്ത്യനിരുന്നീടുകകാരണാൽ മുനിതന്റെകനിവതുകൊണ്ടുടൻകുന്നിഞ്ഞിട്ടതിൽനിന്നുപുറപ്പെട്ടു തടിനീതാമ്രപൎണ്ണീനദിയതു തടവില്ലാതെകണ്ടങ്ങൊലിക്കുന്നു പാണ്ടിനാടതുതന്നിൽചിലകാലംപാണ്ടിയൻകഴിയുന്നിതതുകൊണ്ടെ ധൎമ്മവൃഷ്ടികൊണ്ടെല്ലൊകഴിയുന്നു ധൎമ്മമാനസൻചെരഞ്ജഗല്പതി ഇങ്ങിനെയെല്ലാംദുഃഖിച്ചിരിക്കുന്നൊ രെങ്ങളെരക്ഷിക്കെണംദയാനിധെ വലവൈരിഭഗവാനിതുകെട്ടു തെളിഞ്ഞൊന്നരുൾചെയ്തുകൃപാനിധി ചതുൎമ്മാസങ്ങൾവെവ്വെറെനിങ്ങൾക്കുപുത്രമാരായുണ്ടാകുന്നുണ്ടുനാം വൃഷ്ടിനിങ്ങൾക്കുതൃപ്തിവരുവൊളം സൃഷ്ടിച്ചിട്ടുയക്കുന്നുണ്ടുനിൎണ്ണയം നിങ്ങളൊന്നുണ്ടുവെണ്ടുന്നുകെട്ടാലും മങ്ങിടാതൊരുമാനസന്മാരുമായി ധൎമ്മബുദ്ധികളായിട്ടിരുന്നിട്ടു ധൎമ്മംചെയ്തുവസിക്കുന്നകാലത്തും ധൎമ്മിഷ്ഠന്മാരെരക്ഷിക്കുംകാലത്തും ധൎമ്മപാലനം ചെയ്യുന്നകാലത്തും നിങ്ങളുമിന്നനന്തരംഭൂപരു മിങ്ങിനെവസിച്ചീടുന്നകാലത്ത വാസവാവാക്യത്തിന്നിളക്കംവരാ വാസുദെവനുക്കാലാണെനിൎണ്ണയം നിങ്ങൾതമ്മിൽനാംതന്നൊരുവൃഷ്ടികൊ ണ്ടങ്ങന്യൊന്യംവിഭാഗിച്ചുകൊള്ളുവിൻ എന്നെല്ലാമരുൾചെയ്തുജഗല്പതി നന്ദിതസുരവൃന്ദംമഹെന്ദ്രനും കാമലാഭെനതുഷ്ടരായിട്ടുടൻ ഭൂമിഭൎത്താക്കളൊക്കത്തെളിഞ്ഞിതു ഭൂതലത്തിങ്കലുള്ളജനങ്ങൾക്കും ഭൂതങ്ങൾക്കുംതെളിഞ്ഞിതുകെവലം ഭൂപതികളുംവൃഷ്ടികൊണ്ടന്യൊന്യം താപംകൂടാതെഭൊഗിച്ചിതക്കാലം മിഥുനംകൎക്കടകംകന്നി

ചിങ്ങവും സതതംവരിഷിക്കുന്നമാസങ്ങൾ ചതുൎമ്മാസമെട്ടു
ത്തിതുചെരന മറ്റുപൊലെയെടുത്തിതുചൊളനും നിശ്ചയിച്ചു
തുലാവുംമകരവും വൃശ്ചികംധനുമാസങ്ങളിങ്ങിനെ ശിഷ്ടമാ
യുള്ളനാലുമാസങ്ങളും പുഷ്ടമൊദമെടുത്തിതുപാണ്ടിയൻ ഇ
ങ്ങിനെപഴത്തിട്ടുപിരിഞ്ഞിതു തങ്ങൾതങ്ങടെരാജ്യത്തിൽമൂവ്വ
രും ഒരുവൎണ്ണംവരിഷിച്ചൊരുവത്സര മെവരുംകഴിഞ്ഞിട്ടുപുറ
പ്പെട്ടു തമ്മിലന്യൊന്യംജ്യെഷ്ഠാനുജന്മാരാ മമ്മഹീപാലർചൊ
ദിച്ചിതെവരും വൃഷ്ടിയിന്നിതുപൊരനമുക്കെന്നു തുഷ്ടചിത്ത
നാംചെരനുരചെയ്തു വൃഷ്ടിയെററംനമുക്കെന്നുചൊളനുംവൃഷ്ടി
പാരംപെരുതെന്നുപാണ്ടിയൻവൃശ്ചികവുംതുലാമാസവുംപി
ന്നെ നിശ്ചയിച്ചുകൊടുത്തിതുചൊളനുംമെടവുമിടവമാസവും
പിന്നെ കൂടെനൽകിനാൻചെരനുപാണ്ടിയൻ ഇടയിൽകൂട
വെണംനമുക്കെന്നിട്ടിടമാരിയെന്നിട്ടിതുനാമവുംനമ്മുടെവരി
ഷത്തിനുചൊളനാംചെമ്മനാംകിഴക്കാകമൂലന്തന്നെകിഴക്ക
മ്മഴയെന്നൊരുനാമവും മുഴുത്തുനടക്കെണംവിശെഷിച്ചുംകിഴ
ക്കിന്നങ്ങുമെഘമെടുത്തിട്ടുമഴെക്കും മുന്നെവെട്ടുമിടിദ്ധ്വംവായു
വുംകിഴക്കിന്നങ്ങടിച്ചിട്ടുപായുമെയിടിവാളുമല്ലനെരംതിരിഞ്ഞ
യുടിനെരത്തുവന്നിട്ടുചൊരിയുന്നിതുനമ്മുടെ വൃഷ്ടികൾചൊതി
നമ്മുടെനക്ഷത്രമാകയാ ലാദിത്യനതിൽനിൽക്കുമ്പൊളെറിട്ടും
നമ്മുടെവരിഷത്തിന്നുൾപ്പവും ചെമ്മയുണ്ടാകയില്ലൊരുനാ
ളുമെ പാണ്ടിയനതുകെട്ടിട്ടനന്തരം പൂണ്ടുവിസ്മയംചൊല്ലിനാ
നിവണ്ണം നാമിന്നുതന്നവൃഷ്ടിക്കടയാളും ക്ഷെമമായിട്ടിരിക്കും
കണങ്ങളും ബുൽബുദങ്ങളുമാലിപ്പഴങ്ങളു മുൽബ്ബണമായി
ക്കാണുന്നിതെററവും രൊഹണിയാകും ഞാററു നിലതന്നിൽ
ആഹന്തവരിഷിച്ചിട്ടുമെററവും മിക്കവാറുംകിഴക്കുന്മഴപൊ
ലെ ഇക്കാലഭെദമുള്ളമമവൎഷം ചെരനാംപെരുമാളൊന്നരു
ൾചെയ്തു കാരുണ്യംനിങ്ങൾക്കെന്നിലുണ്ടാകയാൽ തീൎന്നുദുഃ
ഖമിനിക്കെന്നുനിൎണ്ണയം ചെൎന്നമാനസമെല്ലാൎക്കുമത്ഭുതം താ
തന്തന്റെനിയൊഗമനുഷ്ഠിക്ക ഹെതുകൊണ്ടുനാമെല്ലാരുംതൃ
പ്തനായി നമ്മുടെഭൂമിക്കൊരാഷയുണ്ടാകയാ ലിമ്മഹാജനംപാ
ലിച്ചുനിൎണ്ണയം അണയാതെവരിഷിക്കകാരണെ മണലീഎ
ന്നവൃഷ്ടിനമുക്കെല്ലാം തിരുവാതിരനമ്മുടെനക്ഷത്രം വരുന്നെ
രത്തുഞാററുനിലയതിൽ പെരുവൃഷ്ടി യഹൊരാത്രമാകയാൽ

പെരുവുന്നഫലമൂലമൊക്കവെ പറഞ്ഞീവണ്ണമൊക്കതെളി
ഞ്ഞിട്ട പിരിഞ്ഞുസുഖത്തൊടെനരെന്ദ്രന്മാർ—ചെരൻകല്പമാ
യിട്ടുമലയാളം സാമ്മമായിട്ടുംകല്പദുണ്ടാകയാൽ ചെരമാംകല്പ
മെന്നുപെരുന്നിതു പാരിലൊക്കനിറഞ്ഞുചമഞ്ഞിട്ട ധമ്മനീതി
കൾക്കൊക്കയുംകല്പമായി നിമ്മിച്ചുചമച്ചീടുകകാരണം ചെര
മാൻപെരുമാളെന്നൊരുനാമം— പാരിനുമൊരുനാമമതുമൂലം
നുക്കുമിതുസമ്മതമാകുന്നുചിതത്തൊടെവരുമെന്നുനിണ്ണയം
നിങ്ങൾക്കെല്ലാംസുഖമിവൻകാലത്തതങ്ങിനെതന്നെയാക
ന്നതുണ്ടുനാം പരശുരാമനെവമരുൾചെയ്തു ധരണീസുരന്മാ
രൊടതുകെട്ടു പരമാനന്ദംപൂണ്ടുതെളിഞ്ഞിഹമരുവീടിനാനക്കാ
ലമെവമെന്നെ ഇതിഭാഗ്ഗവീയചരിതെദ്വിതീയപാദംസമാപ്തം. ✻

---

ഹരിഃ ശിവശങ്കരദെവപശുപതെ ഭവഭാനുശശിവഹ്നി
ലൊചന ശിതികണ്ഠശിവാനീപതെവിഭൊ ധൃതിശൂലഗി
രീശമഹെശ്വര പാദശാന്താമിത്ഥംമഹെശസ്യ സാദരംജ
പിച്ചാശയശുദ്ധനായി മരുവുന്നപരശുധരൻപുന രെവമ
ങ്ങരുൾചെയ്തിതുപിന്നെയും ഭൂസുരെന്ദ്രരെകെട്ടാലുമെങ്കിലൊ
ഭാസുരചിത്തന്മാരായിട്ടെവരും കൃഷിചെയ്യുംപ്രകാരങ്ങളൊ
ക്കയും ഋഷിവാക്യപ്രമാണമതാകുന്നു പട്ടൊഴവങ്ങുഴുതുപൊ
ടിച്ചിട്ട കട്ടകൂടാതെഇട്ടതിൻറശെഷം ഇടമാരിചൊരിഞ്ഞു
പരദിന മടവൊടങ്ങുഴണംവെടിപ്പായി പുകിലില്ലാതുഴതി
ട്ടുകന്നിനെവകകൂടാതെകൊല്ലുതതാരുമെപത്തുചാലിൽകുറഞ്ഞി
ട്ടൊരുനാളും ചിത്തുകന്മത്തിലാക്കായ്കൊരുത്തരും മുമ്പിലുള്ള
കഴായകിളച്ചിട്ടു ട്ടുമ്പൊടങ്ങുവരമ്പുപൊതിയെണം. മഴനൊ
ക്കിട്ടുചെയ്യെണമെവരും കൃഷികമ്മണികമ്മങ്ങൾനിണ്ണയം
ഞാതിലുംപിന്നെപ്പെട്ടുപണിയൊക്ക ചതികൂടാതെവെശംക
ഴിക്കെണം മഴയെറികുഴഞ്ഞുവിതച്ചാലൊ പഴുതെതന്നെയാ
കുമൊലിവിത്ത തടവില്ലവിളവുകുറഞ്ഞുപൊം ഒടഞ്ചൊലുവിത
ച്ചാലൊരെടത്തും കുട്ടാടൻവിതച്ചീടുന്നഭൂമിയി ലൊട്ടുമെകാ
ലംവൈകരുതൊന്നാലും വട്ടൻവിത്തിനുകാച്ചിലങ്ങെറിയാൽ
ഒട്ടുമെസഹിച്ചീടുകയില്ലപൊൽഭരണിയാകുംഞാറുനിലത്തനി
ൽ ചരതിച്ചുവിതെക്കണമെവരും വട്ടമുളുമതിൽതന്നെവിത

ക്കെണം പെട്ടുപൊകാതിരിക്കെണം വെള്ളത്തിൽ മുണ്ടപ്പള്ളി ഭരണിയിൽതന്നെയു മുണ്ടാകുന്നിതുചാമയുമപ്പൊലെ മണലെറുന്നദിക്കിലൊരെടത്തും പണിചെയ്യെണ്ടുംഞാററിനനിണ്ണയം ഞാറുണ്ടാക്കപ്പൊകാത്തവരാനമെ ചെരെണ്ടുകൃഷികൎമ്മണിക്കുത്രചിൽ കാരൊലത്തുമ്പുംകാനലിലെഞാറും കാട്ടുകാലികൾതങ്ങളുടെകെട്ടുംകളുകളുപരിമുളക്കുംഭുവി നാലെല്ലൊ കൃഷിശത്രുക്കളാകുന്നു ഭരണിയാകുംഞാറുനിലതന്നിൽ വിരിപ്പിന്നൊക്കഞാറുളവാകെണം കാൎത്തികയിലുംകഷ്ടിച്ചുകൊള്ളുന്നു ചെക്കന്നുചിലർപള്ളിമഞ്ഞായലിൽ രൊഹണിയിലൊലിവിതച്ചിട്ടടൻ ദെഹവൃത്തികഴിക്കുന്നിതെവരും വരിഷംതന്നെയെറിയാലുമതിൽ വരുമെകൃഷിനന്നായിട്ടെവൎക്കും കരിപ്പാലിഭരണിയിലങ്ങൊട്ടു വിരിപ്പിന്നുചിതംവരുമാറില്ല വിളവെറയുണ്ടാകുമതിലെന്നും പലരുംധരിക്കെണംകൃഷിവലർ വട്ടനുംമുണ്ടപ്പള്ളിയാംവിത്തിനും വട്ടെല്ലാംഭരണിതന്നിലാകുന്നു രൊഹണിയിലുംകാൎത്തികതന്നിലുമാഹന്തവിതക്കുന്നിതുകഷ്ടിച്ചു മലയാളത്തിൽരൊഹണിക്കപ്പുറം ഒലിയായിട്ടങ്ങൊട്ടുംവിതക്കെണ്ടു പറമ്പൻമൊടനാദിയായുള്ളവ പറമ്പിൽവിതക്കെണംഭരണിയിൽ രൊഹണിയിൽചെറുമൊടനാദിയെ മൊഹിച്ചുവിതക്കുന്നുചിലരഹൊ പറമ്പൻകഴമക്കങ്ങുരൊഹണി പറയുന്നുമലയുട്ടമ്പന്നുമെ ഭരണിയിലരിവിരിയെല്ലാരു കരുത്തിട്ടുവിതച്ചുളുടങ്ങണം ഞാറുവാകെണമൊക്കവിരിപ്പിന വെറിട്ടുഭരണീകൃത്തികയിലും വിരിപ്പാകുന്നവിത്തങ്ങിരിവിരി പെരുത്തുള്ളൊരുമൂപ്പതിനാകുന്നു പരന്നുവിതച്ചാലുമെനട്ടാലും വരുന്നവിളവൊപ്പമിരിവരി ചെമ്പുചെനകരിമ്പാദിയൊക്കയും തുമ്പിടെണാമെരൊഹണിക്കപ്പുറം ചില കാലത്തിടവഞ്ഞായററില്ല മൊലിയുംവിതക്കുന്നിതൊട്ടുക്കത്തപാൎത്തിട്ടുവിതക്കുന്നുമകീരത്തിൽ പെത്തുപിന്നെയുംവിത്തുവലിയത വിരിപ്പിന്നൊക്കഞാറങ്ങിളമയിൽ പറിച്ചിട്ടുനടെണംപഴകാതെ തിരുവാതിരഞാറുനിലയൊളം വിരിപ്പങ്ങുനട്ടുന്നുണ്ടുകത്രചിൽ പുന്നർതത്തിൽവിരിപ്പുനടുന്നവർ ഗുണഹീനന്മാരായകൃഷിവലർ രൊഹണിയിൽകരിങ്കറഞാറെല്ലാം മൊഹംതിന്നിട്ടുപാകെണമെവരും കുമ്പളവൻമകയിരത്തിങ്കലും സങ്കടമില്ലമൂപ്പതിന്നെറുമെ മുണ്ടകത്തിലെജ്ജമാനനാകുന്ന

മുണ്ടകപ്പാലയും കൊടന്നെരിയും മുമ്പനാകുമരിക്കിരാലിവിത്ത
മുമ്പിൽതന്നെ പാകെണം ഭരണിയിൽ കാർത്തികയിലും രൊഹ
ണിതന്നിലും തീർത്തുപാകെണം ഞാറുകരിങ്കറ പള്ളിയാൽക്ക
വിരിപ്പുവിത്താകുന്നു വെള്ളയിൽതന്നെകെട്ടാലുമെവരും പ
ള്ളിയാൽപണിയൊക്കെക്കഴിഞ്ഞിട്ടു കൊള്ളുവൊരപ്പൊഴുക
ളിങ്കറ തൊലിടാതെന്നെടെണ്ടുകരിങ്കറ കാലമെവെണമെല്ലൊ
വിരിപ്പിനും ഒലിക്കൊക്കപ്രധാനം വളമെന്നു പലരുമറിയെ
ണം കൃഷിവലർ കളയൊട്ടുംമുളക്കരുതെങ്കിലൊ വളം ചുട്ടിട്ടിടെ
ണം വഴിപൊലെ വരിയും കളയും വിരിപ്പൊട്ടട നരികെമുളെ
ക്കുന്നു വിതക്കുമ്പൊൾ വളമിട്ടാലുമുണ്ടുവിരിപ്പിങ്കൽ വിരി
യാതെചിലെടത്തുവിസ്മയം ഭൂമിതന്നുടെ ഭെദമെന്നും ചില രാ
മൊദം ബീജഭെദമെന്നു ചിലർ പുതുമാരിയും ബീജവും കൂട്ടമ്പൊ
ൾ എരുക്കുന്നുവരിയും കളകളും കെട്ടാലുമിവയൊക്കയുമല്ലാതെ
പാട്ടം കൂടാതെയുള്ള വളവുകൾ കൊളുനീരും പനനീരും കാൽനീ
രും വളനീരും മലനീരുമൂർനീരും ആറ്റുനീരൊലിച്ചിട്ടുന്നഭൂമിയി
ലെറയുണ്ടുവിളവെന്നു നിർണ്ണയം കരിമ്പാറയങ്ങുള്ളവയലിനു
തിരുമ്പിട്ടുടൻപാഴമെന്നാകിലൊ വിളവങ്ങതിലെറയുണ്ടാകു
ന്നു തെളിവൊടെ പറയുന്നു നാമിപ്പൊൾ ഉറവില്ലാതെയുള്ളാ
രുഭൂമിയിൽ ഉറപ്പുള്ളൊരുവെള്ളമുണ്ടെങ്കിലൊ വിളവെറയു
ണ്ടാകുമതിലെന്നു പലരുമറിക്കെണം കൃഷിവലർ വളച്ചു
യുള്ള പാടപ്പുമിവണ്ണം മുറച്ചുജലമുണ്ടാകുമെങ്കിലും ഉഭയങ്ങൾ
കീഴ്പാറയുണ്ടെങ്കില ങ്ങുഭയജലമുണ്ടാകിലുമഥാ ചെമ്പുമുണ്ടു
ണ്ടുറവുമെല്ലാനാളും സംഭവിച്ചാലതിൽവിളവില്ലെപൊൽകെ
ട്ടുകൊള്ളുവിനാറ്റുവലിയുള്ള കൊട്ടപ്പാടം വിളവില്ലകെവലം
അഴിക്കണ്ണികളായുള്ളപാടത്ത വഴിപൊലെവിളവില്ല നിർണ്ണ
യം ഊഷരാഭൂമിമെടിച്ചുഴന്നവർ ഭൊഷന്മാരെന്നുതന്നെ
പറഞ്ഞിടാം മണലും മണ്ണുംകൂടിയഭൂമിയിൽ പണിയെണം
വളമിട്ടിട്ടവരും എങ്കിലൊതാണവിതിയിലാകുന്നു പങ്കത്തി
ൽകൊളും പുഞ്ചയുമെന്നിവ രണ്ടുവാഴയുണ്ടങ്ങതിലെത്രെയും
ഉണ്ടല്ലൊവിളവെററമറിഞ്ഞാലും ചെന്നെല്ലെല്ലൊപിടി
ക്കുന്നുകൊളതിൽ മൂന്നുമാസത്തിനുള്ളിൽവിളഞ്ഞിട്ടും കൊൽ
ത്തൊണിക്കൊണ്ടുതെകിജലമൊക്ക വാക്കെണമൊലകൊണ്ടു
തട്ടത്തിട്ടു ചളിപൊങ്ങിച്ചുവെണം വിതക്കുമ്പൊ ളുളവെകൊ

ള്ളൊട്ടാക്കുന്നുനിണ്ണുയംകള്ളിമാടിനട്ടുകവിതക്കയും വെള്ളംകൊ
ണ്ടുപൊറുതിയില്ലാഞ്ഞിട്ടു വെട്ടിയിട്ടങ്ങറിഞ്ഞുനട്ടുകയാൽവെ
ട്ടിക്കൂട്ടാടനെന്നുപറയുന്നു കൊളിലഞ്ഞുനവരെയും പട്ടനം മെ
ളിച്ചുപിടിച്ചിട്ടുന്നുഭൂമിയിൽ മെളുത്തനവരപിടിച്ചിട്ടുന്നു കു
ളപ്പെറ്റുന്നപുഞ്ചക്കകുത്രചിൽ മകരംകുംഭമാസങ്ങളിലിവ മി
കവൊടെകറുത്തനവരയും വിതച്ചിട്ടുന്നു പട്ടനമീവണ്ണം മിളു
കൊയ്യുന്നു മെടമാസത്തിന്നിൽ കൊളുമുഞ്ഞിപ്പൊകാതെയിരിക്കെ
ണം കൊളുളൊക്കൊളഞ്ഞറയുണ്ടാകണം തിരുവാതിരഞാറു
നിലത്തിനിൽവരുന്നകൊളുമുഞ്ഞിച്ചിലകാലംകൊളുമുഞ്ഞിയകാലത്തവ
ക്കാരകൊളുതന്നെയതാകുന്നുനിണ്ണുയംവെള്ളമെറുന്നകാലത്തുക
ട്ടാടനുള്ളിൽത്തന്നെനശിക്കുന്നു വെള്ളത്തിൽമെടഞായറ്റിലുംവി
തച്ചിട്ടുന്നുകെട്ടുകൂടാതെകൊള്ളുമെകുത്രചിൽ അരന്നൂരെന്നദെശ
ത്തിലുമെല്ലാം പെരുകുന്നുപരമ്പരയായിട്ടവള്ളുനാടതിലുള്ളൊ
രുപുഞ്ചക്ക വെള്ളംകെട്ടുവരുന്നതുകല്ല്ഭം കുളവുംകിണറുമതി
ലുള്ളൊരു തെളിവെള്ളമതിന്നെരെയാകുന്നു കുഴിയുംതൊടുംതൊ
ങ്ങലുമെന്നിവ ചുഴന്നനദിവെള്ളവുമില്ലഹൊ പുഞ്ചയാകു
ന്നുപൊന്നാരിയനിഹ ചമ്പാവഹിനമുണ്ടുകഴമയും കാർത്തിക
രൊഹണിഞായലിലൊക്ക പെരുത്തുകൊയ്യുന്നതുപുഞ്ചയാകുന്നു
അതുനിൽക്കട്ടെമാഷാദിധാന്യങ്ങൾ മിഥുനംകക്കിഞായർവ
തിനഞ്ചിൽ വിതക്കണം പറമ്പിലുഴുതിട്ടു വിധിച്ചവണ്ണമ
ണ്ടാക്കികൊള്ളണം ഘൊരമായുള്ളകാടതുവെട്ടിട്ടു തൊരവി
ത്തുവിതക്കണമെവരും രൊഹണിയിലതെറംപിടിക്കുന്നു
ദെഹത്തിന്നുഭരിപ്പങ്ങളുന്നൊം പയറുമുഴന്നമൊരുകാലത്ത
വിതച്ചാലറ്റുകുന്നുസമാനമായി തകരക്കാടങ്ങുള്ളപറമ്പതിൽ
മികവുള്ളകൊഴിഞ്ഞിൽപറമ്പിലുംവിതക്കണംചെറുമൊടനാ
ദികൾ തകക്കുന്നിതുപെഴള്ളകാട്ടിലും ചാമയുംതിനയെന്നവ
യൊക്കവെ കാമിച്ചുവിതക്കണംപറമ്പതിൽ പണ്ടുപുള്ളൻ
മഹെന്ദ്രനെസെവിച്ചു കൊണ്ടുവിത്തൊക്കപ്പൊരുന്നകാല
ത്ത പുള്ളനൊടൊരുസത്യംപറഞ്ഞിതു കുള്ളനായൊരുചാമവി
ത്തക്കാലം വെള്ളമുള്ളൊരടിക്കിൽഞാനില്ലെന്ന തുള്ളുതന്നെ
പറഞ്ഞിതുപൊരുമ്പൊൾ വിഷ്ണുഭക്തന്മാരുള്ളടത്താകുന്നുവി
ഷ്ണുഭക്തനാംഞാനുമറിഞ്ഞാലും വിഷ്ണുഭക്തരുപൊഷിക്കകാര
ന്നെ മൂഷ്ണമായിചമഞ്ഞിതുദെഹവും ഇട്ടചാലിൽകിടന്നുകൊ

ള്ളാമെന്നും മുട്ടുള്ളപ്പൊൾവരുന്നതുമുണ്ടെന്നും സത്യമുണ്ടാക്
കാരണംവിത്തുകൾ സത്യമായിവിളയുന്നഭൂമിയിൽ സത്യ
മെല്ലാക്കും കാരണമൊൎത്താലും സത്യമെല്ലാജഗത്തിങ്ക
ലീശ്വരൻ പണ്ടുപള്ളുന്നങ്ങിന്ദ്രനൊടൎത്ഥിച്ചു കൊണ്ടുവി
ത്തുകൾഭൂമിയിൽപൊരുമ്പൊൾ മൊടനൊടങ്ങുസത്യംപറ
ഞ്ഞിട്ടു കൂടിയങ്ങൊരുപുല്ലുമെപൊന്നിതു പിരിച്ചിട്ടാലും
നൊന്തമ്മിലെല്ലാളും പിരിയാതെയിരിക്കെണമെന്നതും വ
രിയുംകളയുംപിരിപ്പൊട്ടടൻ പിരിച്ചാലുംവരുന്നിതുസത്യത്താ
ൽ പൊന്നാരിയനുംപടിവിത്തിവ ഒന്നായിട്ടുവരുന്നിതു
സത്യത്താൽ എള്ളിനൊടങ്ങുപൊന്നുതകരയും തുള്ളലൊട
ങ്ങുവെളയുമക്കാലം ഇങ്ങിനെപറഞ്ഞിട്ടുപിരിയാതെ ച
ങ്ങാതിമാരെപ്പൊലെവസിക്കുന്നു എള്ളുറിഞ്ഞിട്ടുവിത്തുകി
ട്ടുന്നവർ കള്ളരായിട്ടിരിക്കുംചിലകാലം ചാമക്കങ്ങുചിലവി
ട്ടുവല്ലിയും കാറിച്ചുകിട്ടുംകാലത്തുമവ്വണ്ണം കെട്ടാലുംനിങ്ങൾ
തുമ്പയെറീടുന്ന കാട്ടിലൊന്നുംവിതച്ചാലുണ്ടായിടാ ചെങ്ങ
ന്നൊയെന്നപുല്ലുമിരുവുള്ള മങ്ങുള്ളകാട്ടിലൊട്ടുംവിതക്കൊണ്ടാ
ഇല്ലിപ്പട്ടലങ്ങുറിയകാട്ടിലും കല്ലൻകാട്ടിലുമെതുംവിതക്കൊണ്ട
കാട്ടുജാതികളുറിയകാട്ടിലും വിതച്ചാലങ്ങുകിട്ടുവാനുംപണി
കുതിച്ചങ്ങുചിലവുമതെറീട്ടും കൊതിച്ചൊരൊന്നുചെയ്യുന്നതാ
രുമെ ആരിയനഞ്ചുസംശയമുണ്ടു നെരെകെട്ടാലുംചൊ
ല്ലുന്നതുണ്ടുനാം വിത്തൊണക്കംമതിയെന്നുംപൊരെന്നുംവി
ത്തിനുവെള്ളംപൊരമതിയെന്നും വിതെക്കുമ്പൊഴുംപൊരമു
ളയെന്നും മതിയെന്നുംപറഞ്ഞങ്ങിരിക്കെണം കൊളെവീണ
തുപൊങ്ങുമതില്ലെന്നും വിളവുപൊരകൊയ്യാൻമതിയെന്നും
സംശയമഞ്ചുമിങ്ങിനെയെന്നതും സംശ്ശമില്ലകെട്ടുധരിച്ചാലും
മകമായില്യംഞാറ്റുനിലതന്നിൽ മികവൊടെഞാറൊക്കവെ
പാകെണം മുണ്ടകത്തിന്നതപ്പുറംപാകിയാ ലുണ്ടാകയില്ല
നെല്ലുമെവയ്യൊലുംപൂരത്തിൽചെറിയെള്ളുവിതക്കണമെ
റയുണ്ടാകവെണമെന്നുണ്ടങ്കിൽ മകത്തിൽവലിയെള്ളുവിത
ക്കെണംതകക്കുംചരക്കല്ലിലെന്നാകിലും ആയില്യത്തിലുമുണ്ടു
വിധിയതിന്നായതൊടെവിതക്കവലിയെള്ളു ന്യായമായിട്ടു
പാകെണംഞാറെങ്കിലായമിട്ടിട്ടുചൊതിയിലെവരുംഞാറുണ്ടാ
ക്കപൊകാത്തവക്കാകുന്നു പൊറയെന്നുള്ളനാമമറിഞ്ഞാലും

അറ്റുചാലിൽകുറഞ്ഞിട്ടൊരുത്തരുംഞാറ്റുപാകരുതെന്നുധരിക്കെ
ണംഞാററിനമ്മപ്പുറുപത്തുനാളുണ്ടചെററിലുംപൊടിയിൽതന്നെ
പാകിലുംനമ്പുഞാററുനരിപിരിയുണ്ടക്കി ലമ്പൊടെവിളവെ
ററമറിഞ്ഞാലും പിൻവരിഷമെറീടുന്നകാലത്ത നമ്പുകൊയ്യാ
മരിവിരിനിർണ്ണയംമുണ്ടകത്തിനുഞാററുപഴുപ്പിച്ചു കൊണ്ടുനട്ടാ
ലങ്ങെറനട്ടമെല്ലൊ മുളത്തിന്നങ്ങുമൂന്നുനരിയതിൽ കളക്കാ
രൊന്നുകാലായിലെററുന്നുചിത്രഞാററുനിലയൊളമെല്ലാരുംചി
ത്രമായിനട്ടന്നിതുകാലായും മൂത്തുകമ്പുവെച്ചുള്ളൊരുഞാറുകൊ
ണ്ടാത്തുനട്ടാലുമൊപ്പാവിളവിക്കൽകൊയ്യുപ്പൊൾതന്നെതാ
ളുവലിക്കയുംചെയ്യുന്നാലതെത്രയുംവിസ്മയം താളുമൊക്കപ്പഴു
ത്തളിയുന്നെരംമെളഞ്ഞൊടെനട്ടാലുമത്തമംമുണ്ടകത്തിനുതൊ
ലിട്ടുഴാതവരുണ്ടിട്ടങ്ങുസുഖിക്കയുമില്ലാരും കണ്ടത്തിലരക്കൊ
ലങ്ങുതാഴ്ത്തിട്ടുകൊണ്ടുതൊലിട്ടുരുക്കയിടെയിടെ_ കക്കിടമാസമു
മാനില്ലാത്തവ രൊക്കണ്ടകൃഷിചെയ്യപുലത്തുവാൻ_കന്നിമാ
സത്തിൽകന്നിനുവയ്യൊല്ലും നന്നായിട്ടകരുതാത്തവ രുമ്പൈവ
ഞ്ഞരകന്നിൽമെൽപ്പെട്ടുഴന്നവർ കത്തികയ്യൊണ്ടെടുത്തുപ
ണിയെണ്ട രണ്ടരകന്നുഴന്നവരാരുമെകണ്ടത്തിന്നുകയറരുതെ
പ്പൊഴുംവെള്ളമൊക്കത്തലനാളുറപ്പിച്ചു കൊള്ളണമുഴവിന്നു
പഴിപൊലെകരിനന്നായിതാഴ്ത്തികെട്ടിട്ടുടനൊരുപെട്ടങ്ങുഴെണ
മ്പ്രതിപ്രതി മുമ്പിൽപൂട്ടുന്നകന്നിനെവെറിട്ട ങ്ങുമ്പൊടെഭരി
ക്കെണംവിശെഷിച്ചും തെളിച്ചിട്ടങ്ങുതന്നെയുഴെണമെ കളി
ച്ചുംതല്ലരുതാരുംകന്നിനെതിയ്യിട്ടൊക്കവെകന്നിനെവെവിക്കും
കയ്യരാരുമൊട്ടുക്കത്തുന്നാകാ_വാൽപ്പിടിയുംതൊളിപ്പിടിയുമു
ള്ളകൊക്കരിക്കെട്ടിതാഴ്ത്തിയുഴെണമെ ഞെരിക്കെട്ടിയിട്ടുനിനി
രത്തെണംപെരന്മാർകരിക്കന്നുകൊണ്ടെററവും വാൽക്കൊഴു
വ്വും ചെവിക്കൊഴവ്വുമിട്ട മെൽക്കമെലങ്ങുപാത്തിക്കൊഴവിട്ടും
കരിവാളിന്മെലിട്ടങ്ങുറപ്പിച്ചു കരുത്തെറുന്നകാളകൾപൂട്ടെണം_
ഇരിക്കട്ടെയിതൊക്കയുമിങ്ങിനെപരക്കെച്ചവിതന്നിതുകെട്ടാ
ലും_പന്തീരാണ്ടങ്ങൊരുപൊലെകായ്യുള്ള വൻതെങ്ങിന്മെൽ
കാമ്മപ്പിച്ചുനിൽത്തെണം_വിത്തുതെങ്ങയിറക്കിട്ടമെല്ലവെ പച്ച
മഞ്ഞളരികമുളപ്പിച്ചുകുണ്ടുള്ളകുഴികുത്തിമണലിട്ടുകൊണ്ടിടെ
ണംലവണംപുരൊഭവി തിരുവാതിരഞാററുനിലത്തിൽകരു
ത്തൊടെവെച്ചീടെണംതെങ്ങിനെ ഓരുതട്ടുന്നഭൂമിയിലെറയും

പാരിക്കുന്നിതുകരങ്ങളെപ്പോഴും പാരമില്ലപിതലങ്ങുഭൂമിയി
ലൊരുതട്ടുന്നദെശത്തുനിൎണ്ണയം മൂപ്പെറീടുംകമുങ്ങിൻക്രമുകങ്ങ
ൾകിളൊട്ടങ്ങിറക്കിടെണം മൂപ്പിച്ചുപാകത്തിൽനനച്ചിട്ടുമുളപ്പി
ച്ചുപൊകാതെകണ്ടുസൂക്ഷിച്ചുകൊള്ളണം ധാരയങ്ങുമുറിയാ
തെവാരിയിലാരംഭിച്ചുനടെണമിവയെല്ലാംപിഴുക്കൾക്കിഷ്ട
മെറുകകൊണ്ടുടനെരുത്തങ്ങുനട്ടുന്നപുല്ലാപിനെ മുന്നം മൂന്നങ്ങു
കാച്ചുടനുണ്ടായ കന്നാർവിത്തങ്ങടുത്തുപുലാപിഹ പുഷ്ടി
യൊട്ടുടൻ നട്ടുവൎദ്ധിപ്പിച്ചു വൃഷ്ടിനെരംകുഴികുത്തിവെക്കെ
ണം കമുങ്ങുണ്ടാക്കപൊകാതവരിന്നപമയുന്നുകൃഷിക്കായി
ട്ടെന്തിനതെങ്ങുവെക്കുന്നമാനുഷരെല്ലാരുംമങ്ങീടാതെഇരിക്കു
നുസംഗ്ഗത്തിൽ നല്ലനല്ലപനസങ്ങളുണ്ടാക്കികൊള്ളുന്നന
രന്മാൎക്കുസുഖമിഹ യമകിങ്കരരാരുമിവരുടെസമീപത്തുവരാ
യമശാസനാൎന്നടക്കാപങ്ങുവെക്കുന്നവൎക്കുടനൊടുക്കംഗതി
യുണ്ടെന്നുനിൎണ്ണയം വാഴവെച്ചുണ്ടാക്കീടാപത്തരല്ലൊഭൊഷ
രായകൃഷിവലർകെപലംതാലങ്ങൾവെക്കപ്പൊകാത്തവരൊരു
കാലവുംനന്നല്ലെന്നുധരിച്ചാലും മൂന്നുകൂട്ടംപനയുള്ളതൊക്ക
യും നന്നായിട്ടുണ്ടാക്കെണം കൃഷിവലർകദളിവാഴയുണ്ടാക്കി
ട്ടെവരുംപിദൃഷ്ടംകരെനൽകെണം ദെവാൎത്ഥം ദെവന്മാൎക്കങ്ങ
ലങ്കരിച്ചീടുവ്വാൻ ദെവസന്നിധൌപൂന്തൊട്ടംചമെക്കണം പൂ
ന്തൊട്ടംനട്ടുണ്ടാക്കുന്നവരിഹനീന്തിടുന്നില സംസാരസാഗരെ
താംബൂലങ്ങൾനാനാവിധമുള്ളവജംബൂദ്വീപിങ്കലൊക്കയുമാ
കുന്നു മനുജാതികൾതാംബൂലംകൊണ്ടെല്ലൊ കനിവൊടെതെ
ളിയുന്നുമാനസം താംബൂലദാനംചെയ്യുന്നവർനിത്യംസാംബ
മൂൎത്തിയെപ്രാപിക്കുമെവരും കാമദെവന്റദെവതയാകയാൽ
കാമിക്കുന്നിതുതാംബൂലമെവരും കാമദെവനെസെവിച്ചിരി
ക്കുന്നഭൂമിദെവക്കുദൈവതം താംബൂലംനിത്യവുംപിരിയാതെയി
രിക്കണം സത്യമാനസപത്തനെതാംബൂലംക്രമുകാദികളൊക്ക
യുമവ്വണ്ണംശ്രമിച്ചുണ്ടാക്കിവെക്കണമെവരുംപറഞ്ഞാലുമൊ
ടുങ്ങുകയില്ലിവനിറഞ്ഞുള്ളൊരുസാധനമാകയാൽ ജടയൻകല്പ
മുണ്ടാക്കിട്ടെവരും ജടാധാരികൾകയ്യിൽകൊടുക്കണം തിരുവാ
തിരഞ്ഞാററുനിലതന്നിൽ ഒരുമ്പെട്ടുനടെണം മുളകുകൾമരിച
ങ്ങളുണ്ടാക്കുന്നവരുടെ ദുരിതങ്ങളുറ്റന്നിതുകെവലം നവധാന്യ
ങ്ങളൊക്കയുമുണ്ടാക്കിജീവിക്കെണം ജനങ്ങളിതിനാലെ ഇങ്ങി

നെമലയാളത്തിലുള്ളവമങ്ങിടാതെ പറഞ്ഞിതു നാമിപ്പോൾ
പരദെശത്തിൽവാഴുന്നമാറ്ഗ്ഗങ്ങൾ പറയുന്നുണ്ടുനിങ്ങളൊടി
ന്നുനാം ഏരിവെള്ളംവയലിൽതിരിച്ചിട്ട ഭരിക്കുന്നിതുമിക്കവാ
റും ലോകാവെരിജലംകൊണ്ടെന്നിട്ടെല്ലാരുംജീവിക്കുന്നിതുചൊ
ള്ള ജനങ്ങളും വെതയൊന്നുമെലിയായിട്ടില്ലെന്നു മതിയുള്ളവ
ർചൊല്ലുന്നുപ്രാദിശി നാലുചാലുഴുതുകൃഷിവലർ മെലാ
യിട്ടുവരുന്നതുകെവലം മൂന്നുചാലുഴുതിട്ടുവിതച്ചാലും വന്നീട്ടു
ന്നുവിളവുകുറയാതെ രണ്ടുകാൽപറവിത്തിന്നൊരുകലമുണ്ടു
ന്നുപറയുന്നുകൃഷിവലർ വിത്തൊരുകലമങ്ങുവിതച്ചാലും അ
ത്തൽ കൂടാതെ നാല്പതുണ്ടാകുന്നു_ തൊലിട്ടിട്ടെല്ലൊ ഞാറങ്ങു
പാകുന്നു കാലമെ വയലിൽതന്നെപാകുന്നു_കളയൊരരപ്പൂ
ട്ടുന്നു വെന്നൊരുകലന്തന്നെവിളയുമൊരാ യിരം മൂന്നുചാ
ലങ്ങുഴുതിട്ടു കണ്ടൊട്ടുതന്നെക്കൊണ്ടങ്ങതുകിളറെണമെന്നാലു
ട്ടാ ഗത്തുംപന്ത്രണ്ടടിവെച്ചിട്ടാലംബെനകുഴിയൊന്നതാകുന്നു-
കുഴിതന്റെ പരിമാണമിങ്ങിനെ ചുഴവുംകുഴിയാകുന്നിതുനി
ലം. ആയിരംകുഴി രണ്ടായിരംകുഴി വയലെല്ലാമുഴുന്നകൃഷിവലർ
നാട്ടുണ്ടാക്കിനട്ടുന്നവരെയുള്ളകാര്യങ്ങളും കാരുപശാനവും മി
ഥുനംകർക്കിടമാസമെന്നതിൽ ചതികൂടാതെവാഴുന്നിതെവരും മ
കരംകുംഭമാസത്തിലാകുന്നു മികവൊടറുക്കുന്നുവിളഞ്ഞിട്ടത്തടി
യിൽവിളയൊക്കവെവഴിയെണ്ണം ആടൽകൂടാതെചൊല്ലുന്നിതിവ
ണ്ണം പറഞ്ഞിട്ടുംജലമെറിയുറക്കുമ്പൊൾ അങ്ങുകെട്ടണമെരിമട
ങ്ങിയാൽധാന്യങ്ങളുമങ്ങാടിക്കുമുന്നമെമാന്യന്മാർവിതച്ചിട്ടുമറി
ഞ്ഞാലും ആടിവിത്തുവിതയാത്തമന്നവർ മാടെന്നുപറയുന്നുകൃ
കൃഷിവലർകട്ടുകതുകരചരിത്തിക്കൊട്ടുകടലക്കവിതക്കുന്നുകാടതി
ൽചിരകാലിചെറുധാന്യമൊക്കയും രംരണ്ടുഴമറുക്കുന്നുകുത്രചി
ൽ കാട്ടുവാഴക്കവിടയും വെണ്ണമെ പാടെമാരികൊണ്ടെല്ലൊ
കഴിയുന്നുപരശ്രുധരനെവ മരുൾചെയ്തുവിരമിച്ചങ്ങിരുന്നതി
ന്റെശെഷംഭൂദെവന്മാരിവയൊക്കെകെട്ടുടനെവരുമാനന്ദിച്ചു
സുഖിച്ചാരുമമെന്നുതിഭാഗ്യചരിതെതൂതിയപാദംനമാവും.

ഹരി:- അച്യുതകെശവമാധവശൌരെ സച്ചിദാനന്ദ
മുകുന്ദാനന്ദ ഭക്തജനപ്രിയ പങ്കജനെത്ര മുക്തിദവിഷ്ണൊ
കൃഷ്ണനമസ്തു നാമവുമെവമതുരചെയ്തിട്ടു കാമാദികളങ്ങൊ

ക്കുവെടിഞ്ഞു മാർഗ്ഗികളാകിയഭൂസുരരൊടഥ ഭാഗ്യവരാമനുമ
ങ്ങരുൾചെയ്തു മെലിഹകാലമതാകിന മൂലം കാലവിചാരവുമ
ണ്ടെല്ലാക്കും ക്ഷത്രിയരാകുംജനമിതുകെൾപ്പിൻ രാത്രിയി
ലിട്ടാൽചാലുമിളപ്പം രാത്രിയിൽവിത്തുമുഹൂർത്തംകൊണ്ടതി
നെത്രയുമല്പംവിളവക്കാലം കാട്ടുമുറിക്കരുതെന്നറിയെണംപാ
ട്ടുള്ളൊരുകാലാകിയനാളിൽവൃഷ്ടിയിലിട്ടൊരുചാലിഹവിത്തും
നഷ്ടമിതെന്നുധരിച്ചീടെണം ഗുളികൻതട്ടിയരാശിയിലൊട്ടും
വിളവില്ലകൃഷിയാരംഭിക്കിൽവൃശ്ചികരാശൌപൊഴതങ്ങുഴതാ
ൽ നിശ്ചയമങ്ങുനശിച്ചീടുന്നു_ ശനിവാരെകൃഷിയാരംഭി
ച്ചൊരു മനുജന്മാരിഹകാണ്മാനില്ല ദിജവാരെയിതുകഷ്ടംക
ഷ്ടം കുജവാരെകൃഷിയാരംഭിക്ക ഗണ്ഡാന്തങ്ങളിലുഴുതുവിത
ച്ചാൽ ഉണ്ണെണ്ടകൃഷിചെയ്തിട്ടവര നന്നല്ലൊട്ടുംവിഷഘടി
കകളിൽ വന്നാലൊഴവുംവിതയുംപാർത്താൽ പന്തന്തട്ടിയതി
ഥികളിലൊട്ടും ബന്ധിച്ചുകൃഷിചെയ്യരുതാരും വെന്തുരുകീടുന
ശിക്കുമതൊക്ക സന്തതമന്തഃകരണെനൈവ വെലിയിറക്കും
കൊണ്ടൊരുദിവസം ചാലുംവിതയുംചെയ്യരുതാരും കന്യാരാ
ശിയിൽവിതചെയ്തീടുകിൽ അന്യന്മാർകൃഷിചെയ്തുപിഴക്കും
പത്താംഭാവെ മിഹിരയുതെയദി വിത്തിട്ടാലൊരു ഫലമില്ലാ
ക്കും പക്ഷതിരണ്ടിലിറക്കിയവിത്ത കുക്ഷിയിലാക്കുംപക്ഷി
മൃഗാണാം മെഷെധനുഷിചരാദിവിലഗ്നെ ദൊഷവുമെററം
വിത്തുവിതച്ചാൽ പന്നിക്കരണംകൊണ്ടുവിതച്ചതു മൊന്നി
നുമാകാതെകൃഷിതീരും കരണംപശുവിൽവിതച്ചാലാരും തി
രയെണ്ടുകൊയ്തിട്ടങ്ങിടുവാൻ കഴുതക്കരണംമദ്ധ്യമമെന്ന കൃ
ഷിവലരെല്ലാമൊർത്തീടെണം പാപന്മാരിഹനൊക്കിയരാശി
യി ലാപത്തുണ്ടാ മുഴുതുവിതച്ചാൽ ലാടൈകാർഗ്ഗളവൈധൃത
നാളതി ലൊടിയവിത്തുംചാലുംപഴുതെ രാഹുവിനുള്ളൊരുവെ
ധംതട്ടുകി ലാഹന്തകൃഷിചെയ്യുതുനഷ്ടം ഗ്രഹണംകൊണ്ടൊ
രുദിവസംപാർത്താൽ ഇഹകൃഷ്യാരംഭെചനശിക്കും ചാലതി
ലിട്ടാലങ്ങഹിശിരസി കാലെവിത്തുവിതച്ചതുനഷ്ടം അക്ക
നുദിച്ചുവിതച്ചൊരുനാളിൽചെക്കരുതാരുംകൃഷിവെധത്തിൽഅ
ധിമാസത്രയമുള്ളൊരുകാലം ചതിയെല്ലാകൃഷികാര്യെന്നു
നം ഗുരുശുക്രന്മാർതമ്മിലതാകിന ദർശനകാലംനന്നല്ലൊട്ടും
പകലിങ്ങിവരെക്കണ്ടൊരുകാലം വകയില്ലകൃഷിയാരംഭിക്കി

ൽ ഷൾദ്ദോഷങ്ങളിതായതുവിദുഷാ മിദ്ദോഷംകൃഷികമ്മ
ണിവൎജ്ജ്യം രവിവാരെകൃഷിചെയ്യുവരാരുംഭുവിനന്നാകാതി
ല്ലാരുനാളും ദൈവബ്രാഹ്മണരായുള്ളവരുടെ ഭാവപ്രീതിയ്ക്കു
കൃഷിചെയ്യേണം രൊഹണിപുണർതംപൂയവൃമത്തം മൊഹ
മൊടന്ത്യോത്തരയുംമൂലം നാളുംകരനംസിംഹംഗജവും കൊ
ളെവുലിയുംമൃഗഭംരാശൌ മിഥുനംമീനംമകരംകുളിരെ൩ കഥി
തംചൊൽപൊഴതസ്സിന്നിത്ഥം സലിലസമൃദ്ധൌകൃഷിചെയ്യാ
ലങ്ങുലകിൽദരിദ്ര്യംതീരുംനൂനം കുജവാരെപൊഴുതെള്ളിനുകൊ
ണ്ടാൽ എജമാനന്മാരനുനശിക്കും സിതവാരെപൊഴുതെള്ളു
വിതച്ചാലതിയായിട്ടുനശിക്കുംനൂനംഗുരുവാരെപൊഴുതെള്ളി
നമദ്ധ്യം തിരിയച്ചൊല്ലിമുനിമാരിത്ഥം ശനിയുടെവാരംനന്ന
ങ്ങെള്ളിനു മുനിമാരെല്ലാമെന്നുവദന്തി ബുധവാരത്തിനുമി
ല്ലൊരുദൊഷം വിധിയെത്രെവലിയെള്ളിന്നൊൎത്താൽ ചെ
മ്പുംചെനയുമിഹകുജവാരെ ചാമ്പിയവിത്തുനശിക്കുംനട്ടാ
ൽകുംതിവരകുംകൊള്ളുമുഴന്നും തക്കത്തൊടെവഴുതിനക്കുംവെ
ള്ളരിപയറുംമുളകുംനട്ടാലി ല്ലാതെപൊംദിനകരവാരെവലിയ
കിഴങ്ങിനുവൎജ്ജിക്കേണം വെളിവില്ലാശനിവാരംനൂനംവാഴ
ക്കിഹകുഴിക്കുത്തിനടെണം വ്യാഴംകെന്ദ്രിച്ചുള്ളൊരുരാശിയിൽ
ശുഭമെല്ലാമുപചയമതാകിൽശുഭവാരെശുഭദൃഷ്ടെരാശൌതെ
ങ്ങുകമുങ്ങുനടെണമതെങ്കിൽ ടിംഗംകക്കിടമെടമൊഴിച്ചരാശി
യിൽവെണ്ണംകാനാളുകളിഹപ്രാശനനാളിൽ സലിലവൃദ്ധെ
വനഭുവിപൊല്ലംരഹിതെവധൈപനസാദികൾവെച്ചുണ്ടാ
ക്കെണം ഭക്ഷണമങ്ങുകഴിച്ചുസുഖിച്ചു പുത്രാദികൾനട്ടുവാ
നംനൂനംപട്ടണമാകുംവനഭുവിമാഞ്ഞ്യെ നട്ടുനടക്കാവുണ്ടാക്കി
ട്ടുക ശ്രാവണമാസെസിതതിഥിപൂൎണ്ണെ ജീവനവൃദ്ധെകുംഭ
സമൃദ്ധൌതിഥിനക്ഷത്രശശാങ്കസമൃദ്ധെ വിധിവൽഭവനെ
പൂത്തിംകുയ്യാൽ ഫണിഗജനക്രപ്രെജിതരാശൌഗണിക്കെ
വൎജ്ജിതശക്രാഗ്ന്യാക്കെഷ അറുപതുയോജനവിസ്താരത്താൽ
എറിടുംശതയോജനനീളം പറയുടെമാനമിതെന്നെല്ലാരുംപറ
യുന്നുദൈവന്മാരരുവെ പറമ്മൂന്നിതുകൊണ്ടുള്ളൊരുകാലംപറയെ
ണ്ടാപൊലന്നുസമൃദ്ധി ജലമൊരുപറയുണ്ടാകുംകാലംപലരും
കൃഷിചെയ്യാലുംനൂനം പറനാലുള്ളൊരുകാലംനലമ ങ്ങുറി
യുന്നുഭുവി മാരദ്ര്യങ്ങൾതള്ളലുവെള്ളംകൊണ്ടുവിരപ്പിനു വെ

ളളുംപറരണ്ടുള്ളൊരുകാലം വെള്ളംപറനാലങ്ങതിലൊക യി
ല്ലെന്നത്രെമുനിമതമൊക്കിൽ_ ശനിവാരെവിഷുസംക്രമമാ
കിൽതന്നിയെപറയൊന്നക്കാലംപൊൽ_ രവികുജവാരെവിഷു
സംക്രാന്തൌ ഭുവിപറരണ്ടക്കാലത്താകുംശശിബുധവാരെവി
ഷുവൽസൂൎയ്യെദിശിമൂന്നത്രെപറയക്കാലം ഗുൎവ്വൊട്ടിവസെവി
ഷുസംക്രമണെ സൎവ്വത്രജലംപറനാലല്ലൊ_ വാരുണമണ്ഡ
ലമാകിയകാലംനെരെകൃഷിചെയ്യിട്ടുപിഴക്കും മണ്ഡലമിതുമാ
ഹെന്ദ്രമതായാൽ ദണ്ഡംമാരദ്ദ്രെണാഹിശാമൃതി_ വിണ്ണവർ
മാനസമൊന്നുനടുങ്ങും മണ്ഡലമഗ്നിയതാകുംകാലം പായു
ന്നദിശി ദിശിജലമൊരൊ വായൊൎമ്മണ്ഡലമാകിയകാലം
നാലെല്ലാഭുവിമണ്ഡലമായതു കാലെവിഷുവൽക്രമനക്ഷ
ത്രെകാലവുമിങ്ങിനെനൊക്കിയറിഞ്ഞു കാലെകൃഷിവലർവി
ത്തിട്ടാലും_നില്ക്കട്ടെയിതുകന്നിനെവഴിയെ വില്ക്കെണംപക
നൊക്കിക്കൊള്ളുക പെങ്കന്നിനുകുററവുമിഹപാരം ശങ്കാരഹി
തംപറയാമെങ്കിൽ പിമ്പുപെരുത്തൊരുകന്നിനെവെണംകൊ
മ്പുംതലയുംനൊക്കിക്കൊള്ളുക മട്ടയതാകിയമൂരിയെവെണംപ
ട്ടിയിൽനൊക്കിക്കൊള്ളുകനൂനം മടവാലുള്ളൊരുകന്നിനെയാ
രുംമടികൂടാതെകൊള്ളരുതൊൎത്താൽ തണ്ടെല്ലങ്ങുവളഞ്ഞൊരുമൂ
രിയെവെണ്ടാപൊൽകൃഷികൎമ്മണിപാരം മുഷ്കുനിവന്നുസമ
ത്തിൽപൊങ്ങിപതുമപ്പെരുക്കിൽകൊള്ളാമൊൎത്താൽകൊമ്പി
ൻകനമങ്ങേറിയകന്നിനു വമ്പുണ്ടെങ്കിലുമുണ്ടാംകുററംനീണ്ട
കുളമ്പങ്ങുള്ളൊരുകന്നിനെവെണ്ടാകൃഷികൎമ്മണിപൊലൊട്ടും
കൊടിഞ്ഞൊണ്ടുള്ളൊരുകന്നിനെയാരുംപടിപൊടെകൊണ്ടീടുക
വെണ്ടകുററിയതായൊരെപ്പുവയററിൽകുററംപാരമതുണ്ടാകിലു
മെ അനക്കാരിയതാകിയ മൂരിയെമാനിച്ചിട്ടിവ്കൊള്ളരുതാ
രും നീരൊഴുവന്മാരാകിയകന്നിനു പാരംനെരില്ലാകൃഷികൎമ്മ
ണിനെററിയുരുണ്ടങ്ങുന്തിയിരിപ്പൊരുകൂമ്പിക്കൊമ്പനധികമി
ഹായുംമൊഴയതാകിയമൂരിയെവെറി ട്ടുഴവാനായുസ്സേററംനിൽ
ക്കുംകരുനരയെന്നൊരുകുററംകാണും നൃപവീരന്മാരെന്നതുചൊ
ല്ലുംഭവതിജപാമെന്നരചെയ്യുന്നിതുധവളംപൂണ്ടൊരുന്നവരിക്ക
നിരററീടിനൊരുരുവിനെവെണംപാരതിലുഴവാൻകൊണ്ടീട്ടു
ന്നതുപല്ലിഹവെങ്കന്നിനുനൊക്കീടുകപല്ലിൻതരവഴിനൊക്കി
ടെണംപല്ലിനുകെടങ്ങുള്ളൊരുകന്നിനുചൊല്ലീട്ടുന്നുദൂഷണബഹു

ലംപുള്ളിയതുമുള്ളോരുകന്നിനെ വെണം തുള്ളിച്ചാടികൊള്ളുകന്നിയ
തം തുമ്പലുമെക്കുരമ്പലുമെററം തമ്മിൽപ്പൊരുതിട്ടേരിമുടക്കം മു
ക്കിനടപ്പുള്ളോരുകന്നതിനുചാക്കിനെളുപ്പം പണിനന്നായാൻ
പല്ലങ്ങൊത്തൊരുകന്നിനുനിയതം ചൊല്ലുന്നുവിലയല്പമിളപ്പം
വെത്തലയുള്ളോരു കന്നിനെയാരും ചന്തത്തിൽപല്ലതുനൊക്കെ
ണ്ടമുഴവൻപാങ്ങുള്ളൊരുമൂരിയെ വഴിയെനന്നായുഴവാനാ
ക കൊമ്പിൻകനമില്ലാതൊരുകന്നിനെ വമ്പുണ്ടെങ്കിലുമതി
നെകൊൾക ചൂരപ്പെട്ടികൾപൊലെയതുള്ളൊരുമൂരികൾനന്നാ
യിട്ടുകയില്ല കൊമ്പങ്ങളിൽവളുന്നൊരുകന്നിനുപിമ്പുപെരു
ത്താൽനനുപണിക്ക. വലിയകിഴക്കൻകാളെക്കളങ്ങൊരുകളവും
പണിയിൽകാണ്മാനില്ലാന്നെരുപെരുത്താരെരുതുകളെത്രനെ
രെ പണിയിക്കെണമിതെങ്കിൽ പുള്ളിയതാകിയകാളയെനിത്യം
തള്ളിപ്പണിചെയ്യിപ്പിക്കെണം കാളക്കിരുപത്തനാലുവയസ്സു
മെളിച്ചുപറയുന്നിതുശാസ്ത്രം മഹിഷങ്ങൾക്കും ചതുർവ്വിംശതിയെ
ന്നിഹചൊല്ലുന്നു വയസ്സും നൂനം കുളിപ്പുഷ്കൾ പെറുന്നൊരുമൂ
രികൾ കുളമ്മാരെന്നുരചെയ്യുന്നിതു കുളമ്മാക്കിരിപതിലകമെ
ന്നുകാലം പരമായുസ്സുപറഞ്ഞു വന്ധ്യാമഹിഷികളേറയിരിക്കും
സാദ്ധ്യത്തിന്നുനഭവിയാഞ്ഞാലും ചർമ്മലെത്രമഹിഷത്തിനു
കാര്യം നിമിഷം പല്ലിനുകെട്ടുണ്ടാകും പശുവിനുപെറിഹകാര്യം
നൂനം നിശിപകലൊക്കതിനിട്ടാലും കക്കുദം കന്നിനതെറിയി
ന്നാൽ അകമെബലമങ്ങുണ്ടാമെററം തൊലിനെപ്പുള്ളൊരു
കന്നിനവെറെബലയും രൊമമടങ്ങിയിരിക്കും രൊമവുമെല്ലുക
ളൊക്കയെറിച്ചാലാമിഷമല്ലം കനമിളപ്പം വളവും മൃദുവായിട്ടു
ഗുദത്തിൽബലമെറീട്ടുംകന്നിനുപററും പിമ്പുവെളുത്തുപരന്നൊ
രുകന്നിന്നപൊട്ടുമിശ്ചായുസ്സെന്നറികവാൽക്കടമെറിയകന്നി
നനൂനം നിൽക്കരുതാതെവ്യാധിയുമുണ്ടാം ശ്യാമളനിറമാം ചാ
ണകമിട്ടാൽ ആമയമതിനില്ലാട്ടും പാർത്താൽ കണ്ണൊപഴുത്തിട്ടു
ന്നൊരുകന്നിനു ദന്ധം പാരമതുണ്ടെന്നറിക നിമിഷം തിന്നു
നിറക്കും കന്നിനു സമയം കൊള്ളാമെന്നറിയെണം പള്ളുക്കു
ന്നി പെരുത്തൊരുകന്നിനു കള്ളത്തിനുണ്ടെന്നതു നിയതം
പാലൊടചങ്ങുകഴിഞ്ഞൊരുകന്നി ന്നൊളും പെരുതുണ്ടാകയു
മില്ല മൂത്തിട്ടൊടവുകഴിഞ്ഞൊരുകന്നി ന്നൊന്തിട്ടുന്നിളവാട്ട
മനെകം വെറിട്ടിട്ടിഹകെട്ടിയകന്നിനു വെറെവെണ്ടെപരി

പ്പതിനൊന്നും ഗോമയമെററമതേററുകിടന്നാ ലാമയമേററം കന്നിനുകെൾപ്പിൻ പാണെകമങ്ങുകരിങ്കന്നിനുടെ പ്രാണം മൃത്യുദമിഹകന്നിന്ന പല്ലുതൊട്ടപ്പങ്ങുള്ളൊരുകന്നിനു പുല്ലിഹ തിന്നാൽപററുകയില്ല പല്ലിന്നരവുണ്ടാകിലുമിവിടെ കൊള്ളാ മെന്നുണ്ടൊരുമതമൊക്കെപ്പൊത്തുംകാളയുമൊരുനുകമിട്ടാലെത്തി ടാകൃഷിമുഴവൻനൂനം വിട്ടിഹകന്നിനെരാത്രിയിലാരും പൂട്ട രുതെന്നുധരിച്ചീടെണം നിദ്രയതെറിപ്പുകലിവറതുങ്ങി ഭദ്രമ തായിത്തീനുമതില്ല കന്നിനുകാലിഹകൊട്ടപ്പിണഞ്ഞാൽ ന ന്നല്ലാട്ടംപന്നിയുമിളപ്പം പൊത്തുകറുത്തുരു നീണ്ടുതടിച്ചാ ൽഉത്തമമെന്നു പറഞ്ഞിടുന്നു കൊമ്പതുനുണ്ടു കുറഞ്ഞു കറുത്താ ലിമ്പമൊടെപ്പൊത്തതിനെക്കൊള്ളാം കൊമ്പുവരണ്ടുതടിച്ചുപ രന്നാലമ്പുവെളുത്തുള്ളൊരുപൊത്താകാ ഗോക്കളെരക്ഷിച്ചീട കവെണ്ടതുന്നുകളിതെററമറിഞ്ഞീടെണം ലക്ഷണമിങ്ങിനെ കന്നിനുമൂക്കും ദക്ഷന്മാരിതുകെട്ടുധരിപ്പിൻ കൃഷികാലവുമങ്ങു കൂംഭവതാ മുഷിമതമെതൽപണ്ടെനൂനം കൃഷികമ്മണിനാം ചൊന്നതുകെട്ടു കൃഷിചെയ്യിൻപിഴയാതെകണ്ടസുഖമെചെ ന്നിനിനിങ്ങളിരിപ്പിൻ അഖിലന്മാരുംനിജഗെഹെഷു പര ശുധരൻഭ്രസുരരൊടിത്ഥം മരുളിച്ചെയ്യ്വീടുന്നദശായാം ക്ഷോ ണീസുരരിതുകെട്ടതെളിഞ്ഞു പാണികൾകൂപ്പിത്താണുവണ ങ്ങി പ്രീണിതമനസാഭ്രസുരസംഘാത്രാണനമൂലംസ്തുതിചെ യ്യുന്നു ഭാർഗ്ഗവരാമജയജയപൊററി മാർഗ്ഗണമെദധക്ഷത്രസമൂ ഹ കെരളഭ്രസുരരക്ഷണദെവ പ്രെരിതശങ്കരഭക്തപ്രീത ലൊ കസുഖപ്രദഭഹൈഹയാന്തക ഗോകർണ്ണാഖ്യക്ഷെത്രാശ്രിതപദ ഭ്രസുരവരരാമെങ്ങളെയിന്ന ഭൂസുരധാത്ര്യാമാക്കിനിതാന്തം ദാനാദികളുടെയൊഗ്യതകൊണ്ടി സ്ഥാനമതാക്കിത്തന്നദശാ യാം ശ്രൊത്രിയരായൊരെങ്ങളെമൊക്ക പാത്രമതെന്നങ്ങുകൂം ഭവതാ വില്ലാടഖിലവുമൊക്കമരിച്ചു കല്പിതമങ്ങസ്സാകംനി യമം മുട്ടിനനെരംപട്ടിണികൊണ്ടിഹ ദുഷ്ടവധംചെയ്യീടുക യെന്നും നിന്തിരുവടികല്പിച്ചതുമൊന്നാ ലെന്നൊരുകഷ്ടംവി സ്മയമെത്രെ ഭ്രസുരരിങ്ങിനെപൂരിതഭക്ത്യാ ഭാസുരചിത്തംഭാ ർഗ്ഗവരാമം സ്തുതിചെയ്തിട്ടുവണങ്ങിയനെരം മതിശുദ്ധാനാം വിദുഷാംമദ്ധ്യെ കൃതവീര്യാത്മജവൈരിയുമിത്ഥം മതിചെ ന്നിട്ടങ്ങരുളിച്ചെയ്തു കൃതസൌഭ്യന്മാരിഹയൂയമഹൊ ഗതി

നിങ്ങൾക്കിന്നിതുകൊണ്ടത്രെ കേട്ടാലുംപരമാൎത്ഥംപുനരപി
പാട്ടമതില്ലാതീശ്വരനെല്ലൊ മൂൎത്തികളാകിയതൊക്കയുമിന്ന
പെൎത്ഥമുരചെയ്യുന്നുണ്ടിത്ഥം ഭൂജലപവനിമുതൽഗഗനാദി
ദ്വിജരവിചന്ദ്രൌപുരുഷശ്ചമൂൎത്തികളഷ്ടൌജഗദിദമസ്യപ്രാ
ത്ഥിതദൈവംനൌമിശിവന്തം കനിവൊടുയൂയമപിശംദൈവം
മനസാവാചാതമ്പാദജത ദൈവസ്വയമിഹമായാകലനാൽജീ
വൊഹമിതിഭ്രമതെചാത്മാ പരനുംജീവനുമെന്നങ്ങിരിവൎപ്പു
രുഷന്മാരെന്നുരചെയ്യുന്നു പുരുഷന്മാരായിട്ടന്നവരുടെ പര
മൈക്യംചെയ്കേണമതെങ്കിൽസൽഗുരുവിനെയങ്ങീശ്വരബു
ദ്ധ്യാ ഗൽഗദവാചാചെന്നുപണിഞ്ഞി ഹെകരുണാത്മൻഭഗ
വന്നയിമെ സകലംമത്തംഭവതാമദ്യ കൃപയാതവമാംമായാ
മൊഹിത മപിരക്ഷിക്കേണംപരമാത്മൻ ശ്രുത്വാഗുരുവര
നസ്യഹിവാക്യം ജ്ഞാത്വാഹൃദയംമുക്തിദയാനെ പരമാൎത്ഥവു
മവനുണ്ടാകേണം കരുണാശാലിഭഗവാൻഭക്ത്യാ മനസി
തെളിഞ്ഞങ്ങരുൾചെയ്യുന്നുമമതത്വത്തിനിവനെപ്പാത്രംശൃണു
സാവധിതംപരമാത്മാനം ഗുണയുക്തതയാജീവാത്മാനംജീ
വെശ്വരജഗതാമിഹഭെദം ത്രിവിധമിതെന്നങ്ങുണ്ടാകേണം
സത്വഗുണംരാജസഗുണമെന്നും മത്വാതാമസഗുണമെന്നി
ത്ഥം ത്രിവിധംമായൊപാധിയതെന്നൊരു ശിവനാമത്തിലീ
ശ്വരനെന്നും വിവിധമവിദ്യോപാധിയതെന്നും ഗദിതംജീ
വാത്മാവെന്നതിനെ സാത്വികരാജസഗുണവത്തുകളുംതത്വം
പദവാച്യാൎത്ഥമിതെല്ലൊ താമസമായഗുണംപുനരൊന്നെകാ
മംതാമസരാജസസാത്വിക ഭെദമൊടിഹമൂന്നുദശായാം താ
മസമാകിയസത്വഗുണത്താൽ അമരന്മാരുംബുദ്ധ്യാദിക
ളും താമസരാജസഗുണമൊന്നിന്നാൽ കാമമൊടിന്ദ്രിയജാ
ലംജാതം പഞ്ചീകരണംകൊണ്ടിതുനിയതം പഞ്ചൈകത്വംവി
ദിതംലിംഗം രാജസഗുണജപ്രാണാദികളും രാജസനൊസഹ
ജെന്ദ്രിയജാലം സഹവൃത്തിഭിരെവാന്തഃകരണം. മഹതാപ
ഞ്ചീകൃതഭൂതൊത്ഥം സൂക്ഷ്മമതാകിയൊരംഗമതെന്നും സൂക്ഷ്മ
താകൊണ്ടഥലിംഗമതൊന്നുംസ്ഥൂലമതാകുംതാമസഗുണതഃസ്ഥൂ
ലശരീരംപൃഥിവീജാതം പഞ്ചീപഞ്ചൈകാദികളിതിനാൽ പ
ഞ്ചീകൃതഭൂതൊത്ഥശരീരം കാരണമാകിയപൂൎവ്വശരീരം നെരെ
ദപിതയംസൂക്ഷ്മശരീരം കാരിയമിവരുടെയെന്നങ്ങത്രെ പാ

രംസ്ഥൂലമതാകിയദേഹം ത്രിവിധമതാകിയദേഹങ്ങൾക്കു ത്രി
വിധംജാഗ്രൽസ്വപ്നസുഷുപ്തി ക്രമമിഹ വെറെപുരുഷന്മാ
രും ഭ്രമതൈജസസവിശേഷപ്രാജ്ഞൻ മൂവ്വരുമഭിമാനിക
ളാമെന്നും ചൊവ്വോടിഹദേഹത്രയ യുക്തവ്യഷ്ടിസമഷ്ടിയു
പാധികളാലെ വൃഷ്ടികലന്നിഹജീവന്മാരും മൂലാധാരാദികളി
ൽവസിച്ചു കാലമതിങ്കൽ സൃഷ്ടിദശായാം മായയാപാധിയതാ
കിയൊരീശ്വര നായുള്ളബിംബംജീവനറിക ദെവനവിദ്യൊ
പാധിയതാകിയ ജീവനുപാധിസമഷ്ടികളാക്കും തത്സന്നിധി
യതുകൊണ്ടുമനസ്സും തത്സന്നിധിഭവിചെഷ്ടിക്കുന്നു വൃത്തി
കളുള്ളോരു നെരത്തിന്ദ്രിയ മെത്തിടുന്നതുതദ്വിഷയെ ദെഹാ
ദികളുമതൊക്കെത്തന്നെയെ മൊഹമൊടിവിടെചെഷ്ടിക്കുന്നു ചി
ത്രമതെത്രയുമെന്നങ്ങിഷ്ടിമാർ എത്രെയുമത്ര വലഞ്ഞീടുന്നു മൊ
ഹിച്ചിട്ടിഹവിഷയാദികളിൽ ദെഹൊഹമിതിഭ്രമതെജീവൻ
ഇങ്ങിനെപരവശബുദ്ധ്യാസവെച്ചു തിങ്ങിനമൊഹാലങ്ങുഴ
ലുന്നു ഗതിവരുവാനങ്ങുള്ളൊരുപായം മതിമാന്നിഹകെട്ടാ
ലുംതപം കാരണമിഹദുഃഖത്താലനുജന്മം കാരണമെത്രെജന്മ
നികമ്മം രാഗദ്വെഷവുമിഹകമ്മത്തിനുദെഹമൊടുള്ളൊരുബി
ജംനൂനംകാരണമിഹരാഗദ്വെഷത്തിനു പാരമുയന്നഭിമാനം
നൂനംജവമവ്യഭിമാനത്തിനുബീജമവിവെകംതന്നെയെന്നറി
കകാരണമവിവെകത്തിനുതന്നെപെരികയൊരജ്ഞാനന്താനെ
ല്ലൊജ്ഞാനെനൈവകളെന്നമതിന്നെ ജ്ഞാനംസദ്ഗുരുവിന്നുപ
ദെശംപാരംപെയ്യുമിതജ്ഞാനൊത്ഥിതമാരാന്തിഹകളയെന്നം
ദുംഖംവൃത്തിജ്ഞാനമിതറിവിന്നാത്മനിനിത്തീടെന്നംമാന സ
മുപരിസന്തതമിഹപരമാത്മൻബിംബമനന്തകരണപ്രതിബിം
ബസ്യ ത്വംപദവാക്യാൎത്ഥവുമിതുജീവൻ ത്വംപദവാച്യാൎത്ഥ
വുമിതുജീവൻ ത്വംപദലക്ഷ്യാൎത്ഥവുമൊബിംബം തൽപദ
വാച്യാൎത്ഥവുമിതുനൂനം തൽപദലക്ഷ്യാൎത്ഥവുമങ്ങാത്മാ കൂട
സ്ഥനതാകിയപരമാത്മാ കൂടിയധിഷ്ഠാനാത്മാനിചെന്നാലിതു
തന്നെപറയുന്നിതുമുക്തി സതതംചിന്തിക്കെണമിതിങ്കൽ ശ്രു
തിയുക്ത്യനുഭവമുണ്ടാകെന്നാം ചൈതന്യവുമങ്ങാനന്ദംതന്നെ
ശ്രവണംമനനാധിധ്യാസങ്ങൾളിനനിവസംചെയ്തീടെണംമ
തിമാൻ ഇനിസൽഗുരുബൊധിതശിഷ്യനാ കൃതകൃത്യൊഹ
മിതിതാംപ്രൊക്തം ഗുരുവരമീശംതംപ്രണിപത്യ പുരതസ്ഥ

താപചലയംഭക്ത്യാ നിന്തിരുവടിയുപദെശിച്ചതിന്നു ലന്തരമെ
ന്നിയെമൊഹന്തിൻ സൽഗുരുവിൻെറയനുഗ്രഹമൊടെസ
ൽഗതിമാൎഗ്ഗശിഷ്യനിരുന്നു സൽഗുരുവരുളിച്ചെയ്യുന്നതുകെ
ട്ടു സൽഗതിബുദ്ധ്യാനിങ്ങളുമൊക്ക തത്തൽഭവനെകൃതകൃത്യ
തയാ വൃത്താദ്ധ്യയനെച്ഛ്യാചിരകാലം ഭൂസുരരെനിബിഡാ
നന്ദതയാ ഭാസുരബുദ്ധ്യാവാഴ്കയുയം ഭാൎഗ്ഗവരാമനിതരുളി
ച്ചെയ്തു ഭൎഗ്ഗഗിരിമ്മെചെന്നുവസിച്ചു ഗൎഗ്ഗാദികളിതുകെട്ടുര
സിച്ചു ഭാൎഗ്ഗവമെവംസൂതപാനപ്യഗമൽ ദ്വിജകുലമൌലെരാ
ജ്ഞാംമനസാ നവെദ്ധ്യുതപാഭൂസുരസംഘംനിജനിജഭവനെ
പൊയിട്ടങ്ങ നിജഗതിമാൎഗ്ഗംസ്മാരംസ്മാരം ജ്ഞാനെനൈനവ
വരുന്നിതുഗതിയെ നാനന്ദെനസുഖിച്ചാരവരും സൎവ്വരുമ
ങ്ങിതുകെട്ടുരമിച്ചു നിൎവ്വൈരന്മാരായ്വസിച്ചാരെ പ്പൊവരുമക്കാ
ലമെ * ഇതിഭാൎഗ്ഗവീയചരിതെചതുൎത്ഥപാദംസമാപ്തം **

1922 G 9992

2.70

## ിപ്പാടു

ഇത.

ഹാ-രാ-രാ

മുതലിയാരവർകളുടെ മകൻ

പ്പമുതലിയാരവർകളുടെ

ാ വി ലാ സ

ത്തിൽഅച്ചടിച്ചത

ാംപതിപ്പ.

-൧൮൭൬ നവമ്പർ൧൦൹

ടർ-യശായാ.

ഉരുപ്പിക-കാൽ